KOTTAYAM PUBLIC LIBRARY

Call No MA9 Acc. No 50383

Author ഉൻ നമ്പൂതിരി

Title സന്താനഗോപാലം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

20/2/19

# സന്താനഗോപാലം

[കാവ്യം]

KOTTAYAM PUBLIC LIBRARY
KOTTAYAM.

18.2.19

# SANTHANAGOPALAM

(POETRY)

By

**Naduvath Mahan Nambudiri**

Published By

Naduvath Parameswaran Nambudiri.

1956 May] [Price: 0—12—0

Printed at the Mangalodayam Press, Trichur.

# സന്താനഗോപാലം

[കാവ്യം]

50383

ഗ്രന്ഥകർത്താവ്

നടുവത്തു് മഹൻനമ്പൂതിരി

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകൻ:

നടുവത്തു പരമേശ്വരൻനമ്പൂതിരി

ചാലക്കുടി.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

1956/1131] [വില: 12ണ.

---

പ്രസാധകൻെറ മുദ്ര എല്ലാം പുസ്തകങ്ങളിലും ഉണ്ടായിരിക്കും.

രണ്ടാം പതിപ്പു്:
കോപ്പി 500:

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

MA 9

# പ്രസാധകക്കുറിപ്പ്

എന്റെ അപ്ഫനും ഗുരുനാഥനും പ്രസിദ്ധനായ ഒരു മഹാകവിയുമായ 'നടുവത്തു് മഹൻനമ്പൂരി' രണ്ടു പന്തീരാണ്ടിനു മുമ്പ് ഉണ്ടാക്കി അച്ചടിച്ച പ്രസിദ്ധപ്പെടുത്തിയിരുന്നതും ഇപ്പോൾ സാഹിത്യകാരന്മാർ ആവശ്യപ്പെടുന്നതും കിട്ടാനില്ലാത്തതുമായ 'സന്താനഗോപാലം' എന്ന പുസ്തകം ബ്രഹ്മശ്രീ ആലത്തൂർ അനുജൻനമ്പൂരിപ്പാട്ട് അവർകൾ എഴുതിയ ഒരു അവതാരികയോടും, പ്രഫസർ ഡി. പത്മനാഭനുണ്ണി എഴുതിയ ഗ്രന്ഥകർത്താവിന്റെ ഒരു ജീവചരിത്രസംഗ്രഹത്തോടും, ഗ്രന്ഥകർത്താവിന്റെ പിതാവായ നടുത്തു് അച്ഛൻനമ്പൂരിയുടേയും ഗ്രന്ഥകർത്താവിന്റേയും അവിടുത്തെ അമ്മയുടേയും ഫോട്ടോകളോടും കൂടി ഈ ഗ്രന്ഥം സജ്ജനസമക്ഷം അച്ചടിപ്പിച്ച പുറത്തു് ഇറക്കുവാൻ സാധിച്ചതിൽ എനിക്കു വലുതായ ഒരു കൃതാർത്ഥത തോന്നുന്നുണ്ടു്.

ഈ കൃതിയെക്കുറിച്ചോ, ഗ്രന്ഥകാരനെക്കുറിച്ചോ ഞാൻ ഒന്നും പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടും അഥവാ എന്തെങ്കിലും പറയുന്നതായാൽ അതു് ഒരു വലിയ സാഹസമായിത്തീരുന്നതുകൊണ്ടും ആ വിഷയത്തെപ്പററി ഒന്നും കൂടുതൽ പ്രതിപാദിക്കുന്നില്ല.

ഈ പ്രസിദ്ധീകരണത്തിനു വേണ്ടതായ സഹായസഹകരണങ്ങൾ ചെയ്തുതന്ന 'മംഗളോദയം' കമ്പനിയോടു് എന്തെന്നില്ലാത്ത നന്ദി പറഞ്ഞുകൊണ്ടു് ഈ വിഷയം അവസാനിപ്പിച്ചുകൊള്ളുന്നു.

നടുവത്തു്മന
ചാലക്കുടി,
10—11—1131.

**നടുവത്തു പരമേശ്വരൻനമ്പൂതിരി.**



നടുവത്ത് അച്ഛൻനമ്പൂതിരി

# അവതാരിക

നടുവത്തു നമ്പൂതിരിമാരുടെ കൃതികൾ കിട്ടിയേടത്തോളം സംഗ്രഹിക്കുന്നതു കവികളുടേയും കാവ്യകുശലന്മാരുടേയും കർത്തവ്യകർമ്മങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുവാൻ മാർഗ്ഗമില്ല. സുപ്രസിദ്ധകവിയും വന്ദ്യവയോധികനുമായിരുന്ന 'സാക്ഷാലച്ഛൻനമ്പൂരി'യുടെ നവംനവങ്ങളായ കവനതല്ലജങ്ങൾ കണ്ടാനന്ദിക്കുവാൻ സാധിക്കാതെ വന്നതിൽ വ്യസനിക്കുകയേ നിവൃത്തിയുള്ളു. എന്നാൽ മഹൻനമ്പൂതിരിയുടെ കാര്യം അങ്ങിനെയല്ല. ഇദ്ദേഹം ഒരു നല്ല കവിയായിത്തീർന്നിട്ടിപ്പോൾ ഉദ്ദേശം മൂന്നു പന്തീരാണ്ടായിക്കാണും. ആദ്യകാലങ്ങളിൽ അത്യുത്സാഹത്തോടെ പരിശ്രമിച്ചിരുന്ന ഒന്നാന്തരം കവികളിൽ ഒരാളാണു് നടുവത്തു മഹൻനമ്പൂതിരി. ഇടക്കാലങ്ങളിൽ എന്തോ സംഗതിവശാൽ അല്പം ഉദാസീനനായിപ്പോയെങ്കിലും കേരളത്തിൻെറയും കൈരളിയുടെയും ഭാഗ്യാതിരേകത്താൽ ഇദ്ദേഹം വീണ്ടും കവനനിർമ്മാണത്തിൽ കൌതുകം പ്രദർശിപ്പിച്ചുതുടങ്ങി. അതിൻെറ ഫലമായി നല്ല പുസ്തകങ്ങൾ പലതും പുറത്തു വരികയും ചെയ്തു. ഇതിങ്ങിനെ തുടൎന്നു കൊണ്ടിരുന്നാൽ (അങ്ങിനെ ഉണ്ടാകുമെന്നുതന്നെ ആശിക്കാം.) അധികം താമസിയാതെ 'നടുവം ഗ്രന്ഥാവലി' ഏതു ഗ്രന്ഥശാലയുടേയും സാരമായ ഒരു ഭാഗത്തെ അലങ്കരിക്കുവാൻ പര്യാപ്തമാകുമെന്നു തീർച്ചയാണു്.

ഇദ്ദേഹത്തിൻെറ പുതിയ കൃതികളിലൊന്നായ 'സന്താനഗോപാലം' കാവ്യമാണു് ഞാനിപ്പോൾ കാവ്യമർമ്മജ്ഞന്മാരായ കേരളീയരുടെ മുമ്പാകെ സമർപ്പിക്കുവാൻ

വിചാരിക്കുന്നതു്. പാട്ടായും പാനയായും പ്രബന്ധമായും നാനാരൂപത്തിൽ നടപ്പുള്ള ഒരു നല്ല കഥാഘട്ടമാണു് സന്താനഗോപാലം. ഇതിലെ കഥാവസ്തു അറിഞ്ഞുകൂടാത്തവർ കേരളീയരിൽ അധികമുണ്ടാകയില്ല. നല്ല വസ്തുക്കൾ എപ്പോഴും നല്ലതുതന്നെ. നന്നാക്കിവെച്ചാൽ പിന്നെ പറയാനുമില്ല. അങ്ങിനെതന്നെയാണു് നടുവത്തു മഹൻനമ്പൂതിരിയുടെ 'സന്താനഗോപാലം' കാവ്യവും. ശബ്ദശുദ്ധി അക്ലിഷ്ടത മുതലായ ഗുണങ്ങൾ നമ്പൂതിരിയുടെ കവിതയ്ക്കു സഹജങ്ങളാണു്. അതു് ഈ കാവ്യത്തിലും ധാരാളം പ്രകാശിച്ചുകാണുന്നുണ്ടു്. ചെറുകാവ്യങ്ങളിൽ അലങ്കാരവൈചിത്ര്യം മുതലായ കവികളുടെ കൌശലപ്പണികൾ തുടങ്ങിയാൽ കഥാരസം കുറഞ്ഞുപോകുവാൻ വഴിയുള്ളതിനാൽ ആ ഭാഗം അധികം വിസ്തരിക്കാതിരുന്നതും ഉചിതമായിട്ടുണ്ടു്. എന്നാൽ സ്വഭാവോക്തി ഏതു ദിക്കിലും ഒരുപോലെ രസാവഹമാകയാൽ ഇതിലും അതാവശ്യമാണു്. പ്രസ്തുതകാവ്യത്തിലെ അഞ്ചാം സൎഗ്ഗം ബാലചാപല്യങ്ങളേയും അതു കണ്ടാനന്ദിക്കുന്ന മാതാപിതാക്കന്മാരുടെ സ്വഭാവങ്ങളെയും വളരെ ഭംഗിയായും ഹൃദയാവൎജ്ജകമായും വൎണ്ണിച്ചിട്ടുണ്ടു്. ഇതിനെല്ലാം പുറമെ കൃത്യാകൃത്യബോധമുണ്ടാക്കിത്തീൎക്കുക എന്ന കാവ്യോദ്ദേശവും ഇതുകൊണ്ടു സാധിച്ചിട്ടുണ്ടു്. നരകവൎണ്ണന മുതലായ ഘട്ടങ്ങൾ ഈ വിഷയത്തിൽ മുഖ്യങ്ങളാണെന്നു പറയാം. ആകപ്പാടെ ഈ ഗ്രന്ഥത്തിൻെറ ആവിൎഭാവം വളരെ നന്നായിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കൃതികൾ തുടരെത്തുടരെ ഇനിയും പ്രസിദ്ധപ്പെടുത്തിക്കാണുമാറാകട്ടെ എന്നാശംസിച്ചുകൊണ്ടു് ഈ കാവ്യം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ആലത്തൂർ അനുജൻനമ്പൂതിരിപ്പാടു്.

# നടുവംമഹൻ

അബലയും ചപലയുമാണു് ലക്ഷ്മി. സരസ്വതിയോ? രണ്ടു ദേവിമാരും സതീൎത്ഥ്യരും സഖികളുമാണെന്നാണു് തോന്നുന്നതു്. ഭൌതികസമ്പത്തുപോലെ വിദ്യാസമ്പത്തും ശാശ്വതമായി അനുഭവിക്കുവാൻ സാധിച്ചിട്ടുള്ള ദേശവും കുടുംബവും മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഈശ്വരാനുഗ്രഹവും പുരുഷപ്രയത്നവുംകൊണ്ടു വിദ്യാദേവിക്കു കൂടുതൽ സ്ഥിരപ്രതിഷ്ഠ നല്കുന്നതിന്നു ചുരുക്കം ചിലൎക്കു സാധിച്ചെന്നു വന്നേയ്ക്കാം. എങ്കിലും ആ ദേവി കവിതാകാമിനിയായിട്ടു് ഒരു കുടുംബത്തിൽത്തന്നെ പല തലമുറക്കാരേയും തുടൎച്ചയായി ആശ്ലേഷിക്കാറില്ല. സാമൂരിയുടെ പ്രഖ്യാതമായ വിദ്വത്സദസ്സിൽ ഉണ്ടായിരുന്ന പതിനെട്ടരക്കവികളിൽ എട്ടു പട്ടേരിസഹോദരന്മാരും ഒരു മഹനും ഉൾപ്പെട്ടിരുന്നെന്നു കാണുന്നതു് ഇന്നു് അത്ഭുതവാൎത്തകളുടെ കൂട്ടത്തിലാണു് ഗണിക്കപ്പെട്ടിരിക്കുന്നതു്. ആ കൂട്ടത്തിൽ നടുവത്തു കുടുംബവും കവിതാദേവിയുടെ കരുണാകടാക്ഷത്തിനു പാത്രീഭവിച്ചതു മലയാളഭാഷയുടെ ഭാഗ്യമെന്നേ പറയേണ്ടതുള്ളു. പുണ്യശ്ലോകനായ നടുവത്തച്ഛന്റെ യശശ്ശരീരം സഹൃദയന്മാരായ കേരളീയരുടെ ഹൃദയരംഗത്തുനിന്നു് ഒരിക്കലും അന്തൎദ്ധാനം ചെയ്യുന്നതല്ല. മഹനാകട്ടെ, വാൎദ്ധക്യത്തിലും കൈരളീദേവിയുടെ കാമുകനായിത്തന്നെ വൎത്തിച്ചുവന്നു. ഹൃദ്യങ്ങളായ പദ്യകുസുമങ്ങളെക്കൊണ്ടു ഭാഷാദേവിയുടെ പാദാരവിന്ദങ്ങളെ ഭക്തിപൂൎവ്വം പൂജിച്ചിട്ടുള്ള പണ്ഡിതവരേണ്യ

ന്മാരുടെ മുന്നണിയിൽ അഗ്രാസനം എന്നും പ്രകാശിക്കുന്നു. ഈ പാരമ്പര്യം ഇതിലും പരിപുഷ്ടമായിത്തീൎന്നു്, സാഹിത്യഭക്തന്മാൎക്കു നടുവത്തില്ലം കേരളത്തിന്റെ നടുക്കുള്ള ഒരു പാവനക്ഷേത്രമായിപ്പരിലസിക്കട്ടെ!

നടുവം മഹൻ എന്നു സുപ്രസിദ്ധനായ നാരായണൻ നമ്പൂരിയുടെ ജനനം കൊല്ലവൎഷം 1043 ലാണു്. ജ്യോതിഷഭാഷയിൽ പറയുകയാണെങ്കിൽ 1043 മേടം 17-ാംനു- തിങ്കളാഴ്ചയും തിരുവാതിര നക്ഷത്രവും പൂൎവ്വപക്ഷപഞ്ചമിയും കൂടിയ ദിവസം കന്നിമദ്ധ്യദ്രേക്കാണം കൊണ്ടാണു് ജനനം. നാളിൽച്ചെന്ന നാഴിക മുപ്പത്തഞ്ചേമുക്കാൽ; പക്കത്തിന്റെ അമ്പത്തഞ്ചേയരക്കാൽ; എന്നുകൂടിപ്പറഞ്ഞാൽ അതത്രയും പൂൎത്തിയായി.

"ആനേക്കാണണം; മമ്പിളിക്കല പിടി-
ച്ചീടണമമ്മാത്തു പോയ്-
ച്ചേനപ്പേരി ഭുജിച്ചു ചെണ്ട വിരവിൽ-
ക്കൊട്ടിക്കളിച്ചീടണം
ഞാനുണ്ണുന്നതിനമ്മ ചോറു തരണം
ശാഠ്യങ്ങളേവം പിടി-
ച്ചാനന്ദത്തൊടു വാണിടുന്ന തനയൻ
നന്നായ്വരും നിൎണ്ണയം."

എന്നു കവികുലാലങ്കാരഭൂതനായ വെണ്മണി അച്ഛൻനമ്പൂരിപ്പാടു ശൈശവത്തിൽ അവിടേയ്ക്കു നല്കിയ ആശീൎവ്വാദം സൎവ്വഥാ ഫലപ്രദമായിത്തന്നെ ഭവിച്ചു.

അച്ഛൻതിരുമേനിയോടു് അക്ഷരോപദേശം വാങ്ങിയ മകൻ, ഈശ്വരവാരിയർ, എടമനയിളയതു്, പ്രസി

ഢജ്യോത്സ്യനായ മരുത്തോമ്പിള്ളി തെക്കേപുഷ്പോത്തു വാസുനമ്പ്യാർ എന്നീ ഗുരുക്കന്മാരോടു പ്രഥമപാഠങ്ങളെല്ലാം യഥാകാലം പഠിച്ചു ബ്രഹ്മചൎയ്യാശ്രമത്തിൽ പ്രവേശിച്ചു. അക്കാലത്തു് അച്ഛൻതിരുമേനി ഗവൎമ്മേണ്ടിൻെറ കീഴിലിരുന്ന കോടശ്ശേരിസ്ഥാനംവക മാനേജരായിരുന്നതിനാലും, ജനോപകാരാൎത്ഥം വൈദ്യവിഷയത്തിൽ അധികം സമയം ചിലവുചെയ്തുവന്നതിനാലും പുത്രൻെറ വിദ്യാഭ്യാസകാൎയ്യത്തിൽ വേണ്ടത്ര ദൃഷ്ടിപതിപ്പിക്കുന്നതിന്നു് അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അക്കാരണത്താൽ മഹനു യാതൊരു തരക്കേടും വരാതിരിപ്പാൻവേണ്ടി അദ്ദേഹത്തിനെ സമാവൎത്തനം കഴിഞ്ഞപ്പോൾ വിദ്വാന്മാരുടെ കേളീരംഗമായ കൊടുങ്ങല്ലൂർ കോവിലകത്തു കൊണ്ടുചെന്നാക്കി. അവിടെ കവിസാൎവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലെ സഹോദരിയും ഒരു സുപ്രസിദ്ധ വൈയാകരണവിദുഷിയുമായിരുന്ന കെങ്കത്തമ്പുരാട്ടിയുടെ അടുക്കൽ കാവ്യനാടകാലങ്കാരാദികളും, വിദ്വാൻ കുഞ്ഞിരാമവൎമ്മൻ തിരുമനസ്സിലെ അടുക്കൽ വ്യാകരണം ശേഖരാന്തവും അഭ്യസിച്ചു. ഇക്കാലത്തു കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളിൽ അച്ചുതമേനോൻ മുതലായ ശ്രേഷ്ഠകവികളുടെ സാഹചൎയ്യവും, സതീൎത്ഥ്യതയും അവിടേയ്ക്കു ലഭിച്ചു. പഠിപ്പിലുള്ള സാമൎത്ഥ്യവും ഗുരുശുശ്രൂഷയിലുള്ള ശുഷ്കാന്തിയുംകൊണ്ടു മഹൻ ഗുരുവിൻെറ പുത്രനിൎവ്വിശേഷമായ വാത്സല്യത്തിന്നും അനുഗ്രഹത്തിന്നും പാത്രീഭവിച്ചു. അക്കാലത്തു സുപ്രസിദ്ധസാഹിത്യകാരനായ സി. പി. അച്ചുതമേനോൻ

കൊച്ചി വിദ്യാഭ്യാസവകുപ്പിൻെറ അദ്ധ്യക്ഷനായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂർ ഒരു പള്ളിക്കൂടം സ്ഥാപിക്കുകയും നടുവം മഹനെ അവിടെ ഒരു മുൻഷിയായിട്ട് നിയമിക്കുകയും ചെയ്തു. ഇക്കാലത്തു മഹൻ മനോരമയിൽ കവിതയെഴുതുവാൻ തുടങ്ങി. ഉത്സാഹിയായ കുന്നേഴൻെറ കൂട്ടുപിടിച്ച് 'മുദ്രാരാക്ഷസം' നാടകം തൎജ്ജമചെയ്യുകയും അന്നു സി. പി. നടത്തിയിരുന്ന 'വിദ്യാവിനോദിനി'യിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആയിടയ്ക്കാണു് ചാത്തുക്കുട്ടി മന്നാടിയാരും അച്യുതമേനവനും തമ്മിൽ 'ഉത്തരരാമചരിതം' നാടകം തൎജ്ജമസംബന്ധമായി വലിയ കലഹമുണ്ടായതു്. സി. പി. യുടെ ശ്രമത്തിൽ ചില കവികളെല്ലാം കൂടിച്ചേൎന്നു് 'ഉത്തരരാമചരിത'ത്തിന്നു മറെറാരു തൎജ്ജമ പുറപ്പെടുവിച്ചു. ഇതിൽ കാത്തുള്ളിൽ അച്യുതമേനോനും മഹൻതിരുമേനിയുംകൂടിയാണു് രണ്ടു്, മൂന്നു്, അഞ്ചു് എന്നീ അങ്കങ്ങൾ തൎജ്ജമ ചെയ്തതു്. മൂന്നാമങ്കം മുഴുവനും മഹൻെറ തൎജ്ജമയാണു്. ഉത്തരരാമചരിതം നാടകത്തിൽ ഏററവും പ്രധാനമായ മൂന്നാമങ്കം തൎജ്ജമ മന്നാടിയാരുടേതിനേക്കാൾ ഒട്ടും പിന്നോക്കമല്ലെന്നു മാത്രമല്ല,

"സീതാദേവി കനിഞ്ഞു കൈത്തളിരിനാ-
ലീന്തൽക്കുരുന്നും കൊടു-
ത്തേതാനും കളികണ്ടു പോററിയൊരുകൊ-
ച്ചാനക്കിടാവില്ലയോ?"

എന്നിത്യാദി ശ്ലോകങ്ങൾ ശയ്യാസുഖംകൊണ്ടു മന്നാടിയാരുടെ കൃതിയേയും അതിലംഘിച്ചിട്ടുണ്ടു്. കൊല്ലവൎഷം

1070-ാമാണ്ടോടുകൂടി മഹനെ പഴയന്നൂർ സ്കൂളിലേയ്ക്കു സ്ഥലം മാററി. അവിടെ രണ്ടുമൂന്നു കൊല്ലം ജോലിനോക്കിയതിനിടയിൽ 'സാരോപദേശം', 'അംബാസ്തവം' എന്നീ കൃതികൾ പ്രസിദ്ധപ്പെടുത്തി. ഇക്കാലത്താണു് തൻെറ കനിഷ്ഠസഹോദരനും കുടുംബകാര്യാന്വേഷണത്തിൽ അച്ഛനെ സഹായിച്ചിരുന്ന ആളും വൈദ്യശാസ്ത്രനിപുണനുമായിരുന്ന 'മിടുക്കൻ' എന്ന ശങ്കരൻനമ്പൂരി അകാലചരമമടഞ്ഞതു്. അച്ഛനെ ശുശ്രൂഷിക്കുന്നതിന്നും കുടുംബഭരണത്തിന്നുംവേണ്ടി ഉദ്യോഗം രാജിവെച്ച മഹൻ അന്നുമുതൽ ഇല്ലത്തു വന്നു താമസമുറപ്പിച്ചു. അച്ഛൻതിരുമേനിയും കേരളകാളിദാസനും തമ്മിൽ വൈക്കത്തുവെച്ചു് ഇക്കാര്യത്തെപ്പററി സംസാരിച്ചതു് 'അഷ്ടമിയാത്ര'യിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

" 'ഇക്കൂടെയുള്ളതു്?', 'മഹൻ', 'ശരിയാ വടക്കൻ-
ദിക്കിങ്കൽ മുമ്പു മുനിഷിപ്പണിയായിരുന്നോൻ',
ഇക്കാലമില്ല മുനിഷിപ്പണിയിങ്ങു ശുശ്രൂ-
ഷയ്ക്കാക്കിയെൻെറ സുകൃതക്കൊടി വെന്തശേഷം."

മഹൻതിരുമേനി അക്കാലത്തു് ഒരു സ്നേഹിതന്നു് എഴുതിയ എഴുത്തിൽ,

"ഇല്ലത്തഞ്ഞൂറു കന്നും, ജനകനു സുഖമി,-
ല്ലമ്മയും നന്നവയ്യാ-
തല്ലൽപ്പെട്ടാണിരിപ്പിങ്ങിവനുമനുദിനം
ദീനമൊക്കെക്കുഴപ്പം

തെല്ലല്ലേ ബുദ്ധിമുട്ടി, ക്കവനവിഷയമേ
വിട്ടു ഞാൻ ഗേഹഭാരം
കില്ലല്ലേററിക്കഴിഞ്ഞു, കഴുതകൾ കനക-
പ്പാക്കു ചോക്കും കണ്ടക്കേ.”

എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇക്കാലത്താണു് കൊച്ചിയിൽ തീവണ്ടി നടപ്പാക്കാനുള്ള ഉദ്യമം തുടങ്ങിയതു്. ഇതിഃലക്കുവേണ്ട സ്ഥലം പൊന്നുംവിലകൊടുത്തെടുക്കുന്നതിന്നു പില്ക്കാലത്തു ദിവാൻപദമലങ്കരിച്ച ബ്രഹ്മശ്രീ ടി. എസ്സ്. നാരായണയ്യരെയാണു് ഗവൎമ്മേണ്ടിൽനിന്നും നിയമിച്ചതു്. ഇല്ലംവക പത്തുനൂറുപറക്കു നിലവും കുറെ പുരയിടങ്ങളും ഈ ആവശ്യത്തിന്നുവേണ്ടി സൎക്കാരിൽ നിന്നും കൈക്കേറി. അഃതപ്പററി മഹൻ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

“തൊണ്ണൂറെറട്ടുപറക്കു നല്ല കനകം
കാക്കും നിലം പോകയാൽ
കണ്ണീരിൽ കുളിയാണു ഞങ്ങടെ കുടും-
ബത്തോടുകൂടിസ്സഖേ!
വണ്ണിപ്പാനരുതായതിൻെറ വില വാ-
ങ്ങീടാൻ ശ്രമിച്ചീയിടെ-
ക്കണ്ണാണോടിനടക്കയാണൊരിടയി-
ല്ലന്തിക്കുമെൻതോഴരേ!
കണ്ടും കണ്ടതെടുത്തിടും, വിലതരാ-
നാരെങ്കിലും ചൊല്ലിയാൽ
ശണ്ഠക്കെത്തിടു,മെന്തുപദ്രവ,മിതാ-
ക്കാനും സഹിക്കാവതോ?

ണ്ടീടാൻ വഴിയില്ല, കഷ്ടമിവരീ-
വണ്ണം തുടൎന്നാൽ വിശ-
ല്പുണ്ടായാലതടക്കുവാൻ കവിമണേ!
തീവണ്ടി തിന്നാവതോ?

വേണ്ടുംവണ്ണം വിചാരിച്ചലിവൊടു വില ത-
ന്നീടുവാൻ കൊച്ചിരാജൻ
ലാണ്ടകച്ചിസ്സിഷ്ഷനാഫീസറെയുടനടി ക-
ല്പിച്ചു തീൎച്ചപ്പെടുത്തി
കണ്ടാൽ വേണ്ടില്ല, വാക്കോതുകിലകമലിയും
സ്വാമി കണ്ടങ്ങൾ നോക്കി-
ക്കണ്ടാൽ മിണ്ടില്ല; മൂല്യം കടശി വിലകൊടു-
ക്കില്ല കേൾക്കില്ല കാൎയ്യം.

ജില്ലാക്കോട്ടിൽക്കടന്നു തെളിവുകളഖിലം
വാങ്ങുവാൻ തീൎച്ചവന്നു,
മെല്ലെത്തക്കം തുടൎന്നു, ജഡ്ജിയവൎകളും
സങ്കടം കേട്ടുണൎന്നു
എല്ലാം പാകത്തിൽ വന്നു, പഴയ വിധിയിലെ-
ത്തോതു തെറ്റെന്നുവന്നു
ചൊല്ലാം ഞങ്ങൾക്കു തന്നു, പണമനവധി മ-
റ്റേറാക്കിൽ തോൽവി വന്നു."

ഈയവസരത്തിൽത്തന്നെയായിരുന്നു സൎവ്വേ സെററിൽമെൻറു്. ഒരു കാൎയ്യസ്ഥനെ വെച്ചു്, ഈ കാൎയ്യങ്ങൾ മുഴുവൻ നിൎവ്വഹിക്കുന്നതിൽ അച്ഛനു തൃപ്തിയുണ്ടായിരുന്നില്ല. "നമ്മുടെ കാൎയ്യങ്ങൾ നാംതന്നെ നോക്കി പരിശോധി

ച്ച നടത്താഞ്ഞാൽ എന്നും അന്യനെ ആശ്രയിക്കേണ്ടി വരു''മെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു. മഹനെപ്പോലെ കാൎയ്യശേഷിയുള്ള ഒരുവനുള്ളപ്പോൾ ഒരു കാൎയ്യസ്ഥൻ മിക്കവാറും അനാവശ്യവുമാണു്. അദ്ദേഹത്തിൻെറ കാൎയ്യശേഷിക്കു പ്രത്യക്ഷലക്ഷ്യം ആവിട്ടത്തൂർ മഹാക്ഷേത്രത്തിൽ ഇന്നും കാണാവുന്നതാണു്.

നടുവത്തില്ലം ആവിട്ടത്തൂർ ഗ്രാമത്തിൽപ്പെട്ടതാണു്. ആ ഗ്രാമദേവതാക്ഷേത്രം ഒരു കാരാൎയ്യസമുദായത്തിൻെറ ദുർഭരണംനിമിത്തം പത്തുനാല്പതിനായിരം ഉറുപ്പിക കടത്തിൽ മുങ്ങിയിരുന്നു. തന്നിമിത്തം '76-ൽ ക്ഷേത്രോദ്ധാരണകൎമ്മത്തിൽ മഹൻനമ്പൂരിക്കു് ഇടപെടേണ്ടിവന്നു. അവിടുന്നു സമുദായവുമായി വ്യവഹരിച്ചു് അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നു നിഷ്കാസനം ചെയ്യുകയും താൻതന്നെ ഭരണം കയ്യേല്ക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ ദേവസ്വത്തിലെ കടം മുഴുവൻ തീൎത്തു എന്നു മാത്രമല്ല, പത്തുറുപതിനായിരം ഉറുപ്പികയുടെ മരാമത്തും ധ്വജപ്രതിഷ്ഠയും നടത്തുകയും ചെയ്തു. ഈ ധ്വജപ്രതിഷ്ഠയെപ്പററി കുഞ്ഞിക്കുട്ടൻതമ്പുരാൻ—

"മയ്യൂണ്ണാൾ മടിയിങ്കലും മുടിയിലും
 വാഴ്‌വോരഗസ്ത്യാലയം
മുക്കണ്ണൻെറ നടയ്ക്കലീക്കൊടിമരം
 നില്ക്കുന്ന കാലംവരെ
ചൊല്ലേറ്റുള്ളും നടുവം മഹന്നു പതിവായ്
 സ്വൎഗ്ഗത്തിലും പോയ്വരാ-
മുൽക്കണ്ണേറ്റൊരിടിച്ചിലില്ല, കയറാം
 കൈലാസശൈലത്തിലും."

എന്നു് എഴുതിയിരിക്കുന്നു. ഈ ദേവസ്വം ഭരണത്തിന്റെ ഒരു ചുരുക്കം കാവ്യശകലങ്ങളിൽച്ചേർത്തിരിക്കുന്ന 'കൃഷ്ണപ്പൻ' എന്ന കൃതിയിൽ കാണാവുന്നതാണു്. 85-ൽ അച്ഛൻനമ്പൂരിയുടെ കാലിൽ ഒരു പഴുപ്പു വന്നുകൂടുകയും പല ഭാഷാകവികളുടേയും പദ്യമയമായ പ്രാൎത്ഥനകൊണ്ടു ഭേദപ്പെടുകയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ.

"തെരുതെരെ നെടുവീപ്പിട്ടു'വുവമ്മേ വലഞ്ഞേ'-
ന്നരുളിയവശനായിക്കാൽപിടിച്ചുതിയ്യൂതി
പുരുരുജ സഹിയാഞ്ഞിട്ടെന്നെ നോക്കുന്നിതച്ഛൻ-
തിരുവടി; ഗുരുവായൂരപ്പ!മെൻ തമ്പുരാനേ!"

എന്നും മറ്റുമുള്ള പ്രാൎത്ഥനകളോടുകൂടി കഴിച്ചുകൂട്ടിയ അഞ്ചാറുമാസക്കാലത്തിനിടയിലും ദേവസ്വം ഭരണം യാതൊരു വീഴ്ചയുംകൂടാതെ നടത്തിവന്നു. 86-ാമാണ്ടു് അവിടേയ്ക്കു് ഒരു ഗ്രഹപ്പിഴകാലമായിരുന്നു. അന്നാണു് അദ്ദേഹത്തിന്നു വസൂരിയും തദനന്തരം പുറത്തൊരു കുരുവും പിടിപെട്ടതു്. 'ദീനാക്രന്ദനസ്തവം', 'സ്തവമഞ്ജരി' എന്നീ കൃതികൾ ഇക്കാലത്തു രചിച്ചിട്ടുള്ളവയാണു്. ഇങ്ങനെ മഹനെ ബാധിച്ച സുഖക്കേടിനെപ്പററിയാണു് മഹാകവി വള്ളത്തോൾ—

"ഗുരുവാം ചെറിജനാൎത്തശയ്യവിട്ടി-
ട്ടൊരു വൎഷം തികയുന്നതിന്നുമുമ്പേ
കുരു പെട്ടു മഹൻ കിടപ്പിലായാ-
നരുതെന്തോ നടുവത്തു നല്ലകാലം?"

എന്നു് എഴുതിയിരിക്കുന്നതു്. ഇക്കാലത്തും തദനന്തരം 94-ൽ അൎദ്ദിതരോഗം ബാധിച്ചപ്പോഴും ആയുൎവ്വേദപാരാ

വാരപാരംഗതനായ വൈദ്യരത്നം ഇ. ടി. നാരായണൻ മൂസ്സാണു് അവിടത്തെ ചികിത്സിച്ചിരുന്നതു്. ഒല്ലൂർ ഇളേടത്തു തയ്ക്കാട്ടില്ലവും നടുവത്തില്ലവും തമ്മിൽ തലമുറകളായിത്തന്നെ അഭേദ്യബന്ധം നിലനിന്നുപോരുന്നുണ്ടു്. രോഗവും പ്രായാധിക്യവും വന്നതോടുകൂടി തിരുമേനി പുറമെ പോയി സാധാരണയായി താമസിക്കാറില്ലെങ്കിലും ഇടയ്ക്കിടയ്ക്കു വൈദ്യരത്നം നാരായണൻമൂസ്സിന്റേയും മഹൻ നീലകണ്ഠൻമൂസ്സിന്റേയും മററും പ്രീതിക്കുവേണ്ടി കീഴ്നടപ്പനുസരിച്ചു് ഒല്ലൂർ ഇളേടത്തു തയ്ക്കാട്ടില്ലത്തു പോയി താമസിക്കുക പതിവാണു്. 88-ൽ പുണ്യശ്ലോകനായ അച്ഛൻനമ്പൂരി ദിവംഗതനായി. കൈരളിയുടെ ഒരു കണ്ഠാലങ്കാരം കാലപ്രവാഹത്തിൽ അടിഞ്ഞു. സംവത്സരദീക്ഷയ്ക്കിടയിലും ആവിട്ടത്തൂർ ദേവസ്വംഭരണം സമംഗളം നടത്തിപ്പോന്നു. അതിന്നുശേഷം 94-ൽ മാത്രമാണു് 18 കൊല്ലം നീണ്ടുനിന്ന ദേവസ്വം ഭരണത്തിൽനിന്നും അവസാനമായി ഒഴിവായതു്. അന്നു് ആ മഹാക്ഷേത്രത്തിലെ മററു് ഊരാളന്മാർ എല്ലാവരുംകൂടി അദ്ദേഹത്തിനു ടി ക്ഷേത്രസദസ്സിൽവെച്ചു് ഒരു ആശംസാപത്രവും മെഡലും സമ്മാനിക്കുകയുണ്ടായിട്ടുണ്ടു്. അനന്തരകാലത്തു 'സന്താനഗോപാലം', 'ആശ്രമപ്രവേശം', 'ഭക്തിലഹരി' എന്നീ ചെറുകാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും 'ഘോഷയാത്ര' നാടകവും, 'ഗാന്ധി'യും എഴുതിത്തീർക്കുകയും ചെയ്തു. അവിടത്തെ അമ്മ 1101 കന്നിമാസം 1-ാംനു- പകൽ 4 മണിസമയത്തു ദിവംഗതയായി.

മഹൻനമ്പൂരി സ്വജാതിയിൽ വിവാഹം ചെയ്തിരുന്നില്ല. ഹൈക്കോർട്ടുവക്കീൽ ശ്രീമാൻ പെരിഞ്ഞേരി രാ

മൻമേനോൻ അവർകളുടെ സഹോദരി നാനിക്കുട്ടിയമ്മയാണു് അവിടുത്തെ കളത്രം. ഈ മഹതിയിൽ അവിടേക്കു നാലു് ആൺമക്കളും നാലു പെൺമക്കളും ഉണ്ടായിട്ടുണ്ടു്.

അവിടത്തെ ഭക്തിസംവൎദ്ധകങ്ങളായ ചില കൃതികൾ ശ്രീമതി നാനിക്കുട്ടിയമ്മയുടെ ആവശ്യവും പ്രേരണയും അനുസരിച്ചു നിൎമ്മിച്ചവയാകുന്നു. 'ഗുരുവായൂരപ്പൻ', 'വിഷാരിക്കലമ്മ', 'ശിവസ്തവം' മുതലായവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

സ്ഥാനത്യാഗംചെയ്ത കൊച്ചി വലിയ തമ്പുരാൻതിരുമനസ്സുകൊണ്ടു് അവിടത്തെ കവിതയെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടു്. തിരുമനസ്സിലേയ്ക്കു സമൎപ്പിച്ച,

"മാടേറിസ്സഞ്ചരിച്ചീടുകയടിപണിയും
ഭൂതജാലങ്ങൾ കഷ്ട-
പ്പാടേൽക്കാതുള്ള രക്ഷാനിപുണത നിലനിൽ-
ക്കുന്ന സൎവ്വജ്ഞനാമം
കൂടെപ്പേർകൊണ്ടൊരപ്പാൎവ്വതികുളൂർമവരു-
ത്തുന്ന കുന്നിന്മെൽ വാസം
ചോടേവം പാൎത്തിടുമ്പോൾ നിധിപതി സുഖദൻ
തമ്പുരാൻ ശംഭുതന്നെ."

മുതലായ ശ്ലോകങ്ങൾ തിരുമനസ്സിലെ പ്രശംസയ്ക്കു പ്രത്യേകം പാത്രീഭവിച്ചിട്ടുണ്ടു്. അക്കൂട്ടത്തിലുള്ള മറെറാരു ശ്ലോകമാണു് താഴെ ഉദ്ധരിക്കുന്നതു്:

"നേരായ്നിന്നാശ്രയിക്കുന്നവർകളിലലിവു-
ണ്ടെത്രയും നല്ല യോഗ്യ-
ന്മാരാരായാലുമില്ലാ കരുണ നിജമത-
ദ്വേഷിയാണെന്നു വന്നാൽ
പാരാകെപ്പാടിവാഴ്ത്തും ഗുണഗണമിവിടെ,-
ദ്ദുഷ്ടസംസാരമേതും
ചേരാതാക്കുന്ന മാടക്ഷിതിപതി വിമലൻ
ഹന്ത! പൂർണ്ണത്രയീശൻ."

കവികുലകൂടസ്ഥനായിരുന്ന കേരളവമ്മ വലിയകോയിത്തമ്പുരാനു നടുവത്തച്ഛനോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ മഹനിലും വൈപുല്യേന സംക്രമിച്ചിരുന്നു. അദ്ദേഹത്തിൻെറ ഒരു കത്തിൽ ഇപ്രകാരം കാണുന്നു.

"തദാ തദാ കണ്ടു മനോരമായാ-
മുദാരയുഷ്മൽക്കവിതാവിലാസം
ഹൃദാ സുഹൃന്നന്ദനനെന്നതോർത്തു
മുദാതിവേലം തരളോഹമാസം.

തന്ത്രനീതിയതിലംഘ്യ കൌശലം
ഹന്ത കാട്ടിയിതു സംസ്കൃതേപ്യലം
തന്ത്രനീതി ഭവദീയപത്രമെ-
ന്നന്തരന്തരഹിതം കുതൂഹലം.

ദോഷജ്ഞഭാവം ഭവതാ ദ്വിരുക്തം
കൊച്ചുണ്ണിഭൂപേന ഭിഷജ്യതാതം
ലഘൂകൃതവ്യാധിമവേത്യ താതം
യുഷ്മാകമേതി പ്രമദം പ്രഭൂതം."

ഇത്തരം സ്നേഹമസൃണങ്ങളായ കത്തുകൾകൊണ്ടു കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, ഒറവങ്കര, ഉള്ളൂർ, വള്ളത്തോൾ, കട്ടവു, കുണ്ടൂർ, കാത്തുള്ളി മുതലായ പ്രിയമിത്രങ്ങൾ ഓരോ അവസരത്തിൽ അവിടത്തെ സല്ക്കരിക്കുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ സഹോദരനിർവ്വിശേഷം കരുതിപ്പോന്നിരുന്നു. ഒരിക്കൽ തിരുമനസ്സിലെ കൂടെ താമസിക്കുമ്പോൾ മഹൻ തിരുമേനി മാരാർജസ്റ്റിയുടെ ക്ഷണമനുസരിച്ച് അദ്ദേഹം പുതുതായി പണികഴിപ്പിച്ച 'പുല്ലേൽകുന്നു' ബംഗ്ലാവു കാണാൻ പോയിരുന്നു. അവിടെവെച്ച്,

"കുന്നിന്മേൽ പള്ളിമാടം കയറിയരുളിടും
പാർവ്വതീപ്രാണനാഥൻ
വന്നിക്കുന്നിന്റെ വൻപൊക്കയുമൊരു കുറികൊ-
ണ്ടെങ്കിലുണ്ടാമനൎത്ഥം
നിന്ദിക്കും താനിരിക്കുന്നൊരു ചെറിയ കുളിർ-
ക്കുന്നു പുല്ലെന്നു പുല്ലേൽ-
ക്കുന്നിന്മേൽ വന്നുകൂടാനിടവരുമിടപാ-
ടാകുമെന്നെന്റെ പക്ഷം."

എന്നൊരു ശ്ലോകം പെട്ടെന്നുണ്ടാക്കിച്ചൊല്ലി.

മഹൻനമ്പൂരി വാൎദ്ധക്യകാലത്തിലും ദിനചൎയ്യയിൽ അത്യന്തം നിഷ്ഠയുള്ളവനായിരുന്നു. അക്കാലത്ത് അഞ്ചുമണിക്കു കുളി, ഗണപതിഹോമം, ആദിത്യനമസ്കാരം, പുഷ്പാഞ്ജലി, ദേവീമാഹാത്മ്യപാരായണം ഇത്രയും അമ്പലത്തിലും; ഭാഗവതവും ഗീതയും പാരായണം ഇല്ലത്തു

നാലുകെട്ടിലുംവെച്ച നിത്യവും നടത്തിപ്പോന്നു. തദനന്തരം കാപ്പിയും ഏകദേശം പത്തുമണിയോടുകൂടി ഊണും കഴിക്കുക പതിവായിരുന്നു. രണ്ടരമണിക്കു കാപ്പികഴിഞ്ഞതിന്നു ശേഷമാണു്, വത്തമാനക്കടലാസ്സുവായനയും സാഹിത്യപരിശ്രമങ്ങളും. വൈകുന്നേരം സന്ധ്യാവന്ദനവും കഴിഞ്ഞു പാലും പഴവും ഭക്ഷിച്ചിട്ടു് ഒമ്പതുമണിയോടുകൂടി ഉറങ്ങുകയും ചെയ്തിരുന്നു.

1104 മീനം 17-ാംനു- മഹൻനമ്പൂരിയുടെ വലിയച്ഛൻെറ മഹനും ജ്യേഷ്ഠനും ഇല്ലത്തെ കാരണവനും അന്നത്തെ ഗൃഹസ്ഥനുമായിരുന്ന ദിവാകരൻനമ്പൂരി ദിവംഗതനായതോടുകൂടി മഹൻനമ്പൂരി ഇല്ലത്തെ കാരണവരാകുകയും തന്നിമിത്തം അന്നുമുതൽ കുടുംബഭാരം എല്ലാം കയ്യേല്ക്കുകയും ചെയ്യേണ്ടിവന്നു. അതിന്നുശേഷം ജ്യേഷ്ഠപുത്രനും ശിഷ്യനും ഇന്നത്തെ ഗൃഹസ്ഥനുമായ പരമേശ്വരൻനമ്പൂരിക്കു വേണ്ട ഉപദേശങ്ങൾ കൊടുത്തും പരിചയിപ്പിച്ചും കുടുംബഭരണം മഹൻതിരുമേനിതന്നെ നിവ്വഹിച്ചുപോന്നു.

“അവ്യാധിഗാത്രമനുകൂലതരം കളത്രം
വേശ്മ പ്രശസ്തവിഭവം വിശദാ ച വിദ്യാ
ശ്ലാഘ്യം കുലം.........................”

എന്നിങ്ങിനെയുള്ള സകലഭാഗ്യങ്ങളാലും അനുഗൃഹീതനായിരുന്നു നടുവം മഹൻ.

ലൌകികജീവിതത്തിൽ അന്ത്യകാലത്തു് അല്പം വിരക്തിവന്നതോടുകൂടി അദ്ദേഹത്തിന്നു ഭഗവൽഭക്തി വദ്ധിക്കുകയും ചെയ്തിരുന്നു.

"എല്ലാബന്ധവുമററവൻ, വിഭു, കുരു-
രമ്മയ്ക്കു കീഴ്പ്പെട്ടവൻ,
ചൊല്ലാം നമ്മുടെ വില്വമംഗലപരി-
വ്രാട്ടൊത്തു പാത്തുള്ളവൻ
മല്ലാരാതി, കുചേലമാമുനി തുറ-
ന്നീടുന്ന ഭണ്ഡാര,മെ-
ന്നല്ലാ പാഷ്തി ചീര തീററിയ ചിദാ-
നന്ദൻ പ്രസാദിക്കണം."

തൻെറ മരണം ഹൃദയസ്തംഭനംമൂലമായിരിക്കണമെന്നും അതു് ഒരു രാത്രിയിലെ സ്വപ്നമായി അവസാനിക്കണമെന്നും അവിടന്നു് ആഗ്രഹിക്കുകയും പറയുകയും ചെയ്യാറുണ്ടു്. അങ്ങിനെതന്നെ സംഭവിക്കുകയും ചെയ്തു. 119 മേടമാസം 26-ാംനു- പിതാമഹിയുടെ ശ്രാദ്ധത്തിനു ശേഷം ഊണു കഴിഞ്ഞു വിശ്രമിക്കുന്ന സമയത്താണു് അവിടേയ്ക്കു ഹൃദയത്തിൽ വേദന തുടങ്ങിയതു്. അപ്പോഴും അടുത്ത അനന്തരവനും ജ്യേഷ്ഠപുത്രനുമായ പരമേശ്വരൻ നമ്പൂരിയോടു വിവരം പറയുകയും പല സാരോപദേശങ്ങളും അദ്ദേഹത്തിന്നു കൊടുക്കുകയും ചെയ്തു. അതിന്നുശേഷം ബന്ധുമിത്രാദികളേയും ഡോക്ടരേയും തൽക്ഷണം വരുത്തുവാൻ നിർദ്ദേശിച്ചപ്രകാരം ഉടനെ വരുത്തുകയും ചെയ്തു. ഡോക്ടർ വന്നു് ഇഞ്ചക്ഷറുചെയ്യുകയും അതോടുകൂടി ഉറങ്ങുകയും ചെയ്തു. ബന്ധുമിത്രാദികളെല്ലാം തത്സമയം സമീപത്തുണ്ടായിരുന്നു. 27-ാംനു- അവിടത്തെ മേൽഗതിക്കായി സഹസ്രനാമം, പശുദ്ദാനം തുടങ്ങി പല സൽക്കർമ്മങ്ങളും അന്നു പരമേശ്വരൻനമ്പൂരി നടത്തുകയുണ്ടാ

യി. എന്നുമാത്രമല്ല, അഷ്ടവൈദ്യന്മാരിൽ അഗ്രഗണ്യനായ ഇളേടത്തു തയ്ക്കാട്ടു നീലകണ്ഠൻ (കുട്ടൻ) മൂസ്സ് അവർകളേയും തൽക്ഷണം വിവരംകൊടുത്തു വരുത്തി പരിശോധിപ്പിച്ചു. എങ്കിലും അന്നു രാത്രി ഒരുമണിയോടുകൂടി അവിടന്നു ബ്രഹ്മസായൂജ്യം പ്രാപിച്ചു.

നടുവം മഹനെ ഞാൻ ആദ്യമായി സന്ദർശിക്കുന്നതു 86-ൽ വയ്ക്കത്തു കൂടിയ ഭാഷാപോഷിണിയോഗത്തിൽവെച്ചാണു്. അടുത്തകാലത്തു് ഇല്ലത്തു പലപ്പോഴും പോകുന്നതിന്നും അവിടത്തെ ദൃഢമൈത്രി സമ്പാദിക്കുന്നതിന്നും എനിക്കു് അവസരം ലഭിച്ചിട്ടുണ്ടു്. മേടം 3-ാംനു-യാണു് ഞാൻ അവിടത്തെ അവസാനമായിക്കണ്ടതു്. അന്നു സായാഹ്നത്തിൽ ഞങ്ങൾ ഒരുമിച്ചു ഭാഷ്യാഗൃഹംവരെ പോവുകയുണ്ടായി. വഴിക്കു്,

"സാഹിത്യത്തിലൊരുണ്ണി സൽക്കവികളെ-
പ്പൂമാല ചൂടിച്ചു; ദു-
സ്സാമർത്ഥ്യത്തൊടടുത്ത ദുഷ്കവികളെ
മട്ടിച്ച തൻതൂവലാൽ
സാധുശ്രീതിരളും പ്രസംഗസുധയാൽ
സർവ്വത്ര സന്തോഷവും
സാരജ്ഞർക്കറിവും കൊടുത്തു സതതം
വർത്തിക്ക വർദ്ധിച്ചു മേൽ."

എന്നു് ഒരു ശ്ലോകം ചൊല്ലി എന്നെ അനുഗ്രഹിക്കുകയും ചെയ്തു. അവിടത്തെ ചരമംകൊണ്ടു വെണ്മണിപ്രസ്ഥാനത്തിന്റെ അവസാനസ്തംഭം വീണുപോയിരിക്കുന്നു.

പൂജ്യപാദനായ നടുവം മഹൻെറ ഏകനാടകകൃതി യാണു് ഘോഷയാത്ര. വ്യാസഭാരതം വനപൎവ്വത്തിലടങ്ങി യ ഈ കഥയിൽ അവിടുന്നു ചില വ്യതിയാനങ്ങൾ വരു ത്തിയിട്ടുണ്ടു്. സകലലോകനിയന്താവായ ഭഗവാൻ ശ്രീ കൃഷ്ണനിലാണു് കഥയുടെ നിൎവ്വാഹകത്വം സമൎപ്പിച്ചിട്ടു ള്ളതു്. ദുര്യ്യോധനാദികളുടെ ഘോഷയാത്രാവിവരം മുൻകൂ ട്ടി മനസ്സിലാക്കി അവൎക്കു ചില അമളിപററുന്നതിന്നു് അവസരമുണ്ടാക്കാൻവേണ്ടി നാരദനെ ഇന്ദ്രൻെറ അടുക്ക ലേയ്ക്കു പറഞ്ഞയയ്ക്കുകയും ഇന്ദ്രപ്രേഷിതനായ ചിത്രസേ നനെക്കൊണ്ടു കൌരവരെ തോല്പിച്ചു ബന്ധനത്തിലകപ്പെ ടുത്തുകയും മററും ചെയ്യുന്നതു് ശ്രീകൃഷ്ണൻതന്നെയാണു്. ഭാരതകഥയിൽ വരുത്തിയിട്ടുള്ള ഈ വ്യതിയാനം കഥാ ഗതിക്കൊരു ചമല്ക്കാരം ഉണ്ടാക്കിത്തീൎക്കുന്നുണ്ടു്. കഥയു ടെ പരിണാമഗുപ്തിക്കു് ഉപകരണവും ഈ വ്യതിയാനം തന്നെ. പാത്രങ്ങളുടെ സ്വഭാവകല്പനയിലും കവി ഭാരത ത്തെത്തന്നെ അനുകരിക്കുന്നു. എന്നാൽ,

"ധീരൻ ധൎമ്മജനുഗ്രവീരനിധിയാം
ഭീമൻ സുഭദ്രാവരൻ
വീരൻ കേൾക്കുക മാദ്രിതൻെറ തനയ-
ന്മാരേവമഞ്ചാളുകൾ
ചാരത്തുണ്ടു പുലത്തുവാൻ പ്രിയതമ-
ന്മാരാ വനേ; ഗോപികാ-
ജാരൻ പിന്തുണയെന്നിരുന്നു തെളിയും
പാഞ്ചാലിയെക്കണ്ടിടാം."

എന്നിങ്ങനെയുള്ള കൎണ്ണൻെറ മൂഢവിചാരങ്ങളും മററും

പ്രത്യേകം ഒരാസ്വാദ്യത ഉണ്ടാക്കിത്തീക്കുന്നു. സംഭാഷണങ്ങൾ പലപ്പോഴും അത്ഥഗർഭങ്ങളാണു്. ശ്ലോകങ്ങൾക്കുള്ള ഒഴുക്കും പഴക്കവും അവിടത്തെ കൃതികൾക്കു സവ്വസാമാന്യമായതുകൊണ്ടു പ്രത്യേകം പ്രസ്താപിക്കണമെന്നില്ല. "ഏകഃ ശബ്ദഃ സമ്യക് ജ്ഞാതഃ സുപ്രയുക്തഃ സ്വഗ്ഗേ ലോകേ കാമധുക് ഭവതി" എന്ന പതഞ്ജലിവാക്യമനുസരിച്ചു സൃഷ്ടവായ ഈ നാടകത്തിൻെറ കത്താവു സ്വഗ്ഗസുഖം അനുഭവിക്കട്ടെ!

ഡി. പത്മനാഭനുണ്ണി, എം. എ.



നടുവത്തു് മഹൻനമ്പൂതിരിയും അവിടുത്തെ അമ്മയും

# സന്താനഗോപാലം

## ഒന്നാം സർഗ്ഗം

അർജ്ജുനപ്രകൃതിഹാസവിദ്യയാൽ
ബ്രഹ്മനിഷ്ഠുവനസന്തതിക്ഷയം
ചേർത്തു, തീർത്തു, സകലം മിരട്ടമി-
കൃഷ്ണലീല വിജയിപ്പു നിത്യവും 1

ദ്വാരകാപുരിയിലംബുജേക്ഷണൻ
നാരദാദിമുനിവൃന്ദവന്ദിതൻ
ഭാരമേറ്റപടി വന്നുചേർന്നു; ഭൂ-
ഭാരമാറ്റിയരുളീ പരാൽപരൻ. 2

ദേവദിവ്യവിഭവങ്ങളായെഴും
ദേവദാരുനിരയും സുധർമ്മയും
കേവലം പരിലസിക്കുമപ്പുരം
ശ്രീ വളർന്നു വിലസുന്നു വിശ്രുതം. 3

ദിവ്യനായ സുരശില്പി തീർത്തോരാ
ഭവ്യരമ്യസഭയിങ്കലേകദാ
സവ്യസാചിയറിയിച്ചൊതുങ്ങിവ-
ന്നവ്യയൻെറ തിരുമുമ്പിലെത്തിനാൻ. 4

കണ്ട നേരമെഴുന്നേറ്റു ചെന്നു, “നാം
കണ്ടതെന്നയി സഖേ, വത്സ, വത്സ!”
കൊണ്ടൽനേർനിറനിവണ്ണമോതിയും-
കൊണ്ടണച്ചു കുശലം തുടങ്ങിനാൻ: 5

“ഇത്രകാലമിവിടേയ്ക്കിറങ്ങിയി-
ല്ല;-ത്രയല്ല വിവരത്തിനൊക്കെയും
പത്രമെങ്കിലുമയച്ചതില്ല; ഞാൻ
മിത്രമെന്ന കഥയും മറന്നിതോ? 6

രാജ്യരക്ഷ വിധിപോലെ ചെയ്തു സാ-
മ്രാജ്യപുഷ്ടിയുടയാത്തുയർത്തുവോൻ,
പൂജ്യപാദന,മലൻ, യുധിഷ്ഠിരൻ;
പ്രാജ്യകീർത്തി,യവിടേയ്ക്കു സൌഖ്യമോ? 7

അല്ലലറ്റവിടെയമ്മ, “ദുഃഖവും
നല്ലതീ,ശ്വരവിചാരമൊക്കുവാൻ
കില്ലകന്ന നിലയാണിതെ”ന്നര-
ച്ചല്ലയോ സുഖമിരിപ്പതിപ്പൊഴും? 8

വന്നു കാണണമിടയ്ക്കിടയ്ക്കു, ഞാ-
നെന്നുമോക്കു,മിടയില്ലൊരിക്കലും;
വന്നുചേർന്നൊരു ഭവാനുമൊത്തിനി-
ച്ചെന്നു ചേവടി നമിച്ചുപോന്നിടാം. 9

നൂറു മക്കളൊരുപോലെ പോയതോ-
ർത്തേറുമത്തലിലെഴും പിതാക്കളെ
വേറുകൂറു കരുതാതെ ഭീമനുൾ-
ക്കൂറുകൊണ്ടനുനയിപ്പതില്ലയോ? 10

ഇന്നിനിസ്സഭ തുടങ്ങണം; കുറ-
ച്ചൊന്നിരിക്കു; വെടി പിന്നെയായിടാം
നിന്നിടുന്നു യദുവീരരു;-ഗ്രജൻ
വന്നിടുന്നു; ധൃതി കാണ്മതില്ലയോ?" 11

എന്നുരച്ചു ഹരി; സീരി തൽക്ഷണം
വന്നു; കാലിണ വണങ്ങിയേവരും
നിന്നു; ചൊല്പടിയിരുന്നു; പാർത്ഥനിൽ
ചെന്നു കൺമുന മൃദുസ്മിതാഞ്ചിതം. 12

"വന്നുചേർന്നു വിജയൻ രസം രസം
നന്നു നന്നു സുദിനം സുമംഗളം!
ഇന്നു കേൾക്ക വിജയാഗമോത്സവ-
ത്തിന്നു നാം സഭ നിറുത്തിവെയ്ക്കണം." 13

എന്നു രാമനരുളുമ്പൊളേവരും
"നന്നു നന്നു ശരി"യെന്നുരയ്ക്കവേ,
വന്നുകേറിയൊരു വിപ്രനാർത്തനാ-
യന്നു ചത്ത ശിശുവൊത്തൊരുത്തമൻ. 14

കുട്ടിയെസ്സഭയിലിട്ടു; മാറിടം
പൊട്ടിടുംപടിയടിച്ചടിച്ചവൻ
പൊട്ടിയുച്ചമലറി; നിലത്തഹോ!
വെട്ടിയിട്ട തരുപോലെ വീണുതേ. 13

ഞെട്ടിയേറു മൃതനായൊരോമന-
ക്കുട്ടിയെത്തഴുകിയുമ്മവെച്ചവൻ
കുട്ടിരുന്നു; പുനരൊ'മ്പതാമനീ-
ക്കുട്ടി'യെന്നരുളി വീണു പിന്നെയും. 16

ഞെട്ടിയററ കുസുമംകണക്കിലാ-
ക്കുട്ടി കഷ്ടമവിടെപ്പതിച്ചതിൽ
ഞെട്ടിയാസ്സഭ; ഞരുങ്ങിയച്യുതൻ
പൊട്ടിയോരു ചിരിയൊന്നൊതുക്കുവാൻ. 17

അന്നുണർന്നപടിയേററു കൃഷ്ണനെ-
ച്ചെന്നു താണുതൊഴുതേവമോതിനാൻ:
“പൊന്നുരുക്കിയുടൽ വാർത്തെടുത്തതാ-
മെന്നു തോന്നുമിവനെത്തരേണമേ! 18

എന്തദൃഷ്ടമിവനീശ്വരൻ ഭവാൻ;
ഹന്ത കർമ്മഗതി മാററിവെപ്പവൻ;
സന്തതം തിരുവടിക്കു ദാസനീ-
യന്തണൻ, തിരുമനസ്സുവെയ്ക്കണേ! 19

അമ്പ! ഹന്ത! ജഗദീശ! കൃഷ്ണ! ഹേ!
നിമ്പദങ്ങൾ പണിയുന്നൊരീ ദ്വിജൻ
അമ്പരന്നു ഗതികെട്ടു കഷ്ടമി-
ങ്ങൊയ്മ്പതുണ്ണികൾ മരിച്ചുപോകയാൽ. 20

എട്ടു കുട്ടികൾ കഴിഞ്ഞു; സങ്കട-
പ്പെട്ടുകൊണ്ടിവിടെ വന്നതൊക്കെയും
വിട്ടിടാതെയറിയിച്ചു; മന്നനം
മട്ടി; നാട്ടിലൊരു നാഥനില്ലയോ? 21

കുട്ടികൾക്കു മരണം വരുന്നതോ
‘നാട്ടിനുള്ള കുറവെ’ന്നു രാഘവൻ
കാട്ടിയോരു വഴി വിട്ടു നില്ക്കുമീ-
നാട്ടിലെങ്ങിനെ പൊറുക്കുമിജ്ജനം. 22

ഇല്ലമുള്ളതു പൊളിച്ചു വില്ക്കണം
വല്ലപാടു, മിവിടന്നു പോകണം
നല്ലതീ നില; ദുഷിച്ച നാട്ടിലാ-
ക്കില്ലലില്ല? നെറികെട്ട മാധവ! 23

നീ പറഞ്ഞപടിയന്നു നല്കി സാ-
ന്ദീപനിക്കു മൃതനായ പുത്രനെ
താപമാററുകിവനും പദാശ്രിതൻ
ഭൂപ! കാണുകയിരറെറാരുണ്ണിയെ. 24

കാമദായി, കരുണാലയൻ, പരൻ
ക്ഷേമദൻ, വിഭു, മുകുന്ദനീശ്വരൻ;
ശ്രീമണാളന,ഖിലാൎത്തിനാശനൻ;
രാമ! രാമ! കഠിനം പറഞ്ഞു ഞാൻ. 25

ഞാനിവണ്ണമറിയാതെ രുഗ്മിണീ-
ജാനിയെക്കഠിനവാക്കരസ്ത്രയാൽ
ഹാനി തട്ടിയിവനും കുലത്തിനും;
ശ്രീനിവാസ! കൃപവേണമെപ്പൊഴും. 26

മക്കളീങ്ങിനെ മരിച്ചുപോകയാ-
ലുൾക്കളത്തിലഴൽ മൂത്തുമൂത്തു ഞാൻ
തിക്കുവിട്ടു ചിലതോതി;-യെന്നെ നീ
ധിക്കരിക്കരുതു, കാത്തുകൊള്ളണേ. 27

ലോകനാഥ! തവ ദാസനായ ഞാൻ
ശോകസാഗരനിമഗ്നനോക്കണേ
ചാകയില്ല; നിലയില്ല; നീന്തിയാ-
ലാകയില്ല; തിരുവുള്ളമാശ്രയം. 28

കാളിയൻ കഥകഴിച്ച ഗോക്കളിൽ
കേളിയാടിയ കടാക്ഷവീക്ഷണം
കേളിവൻെറ മൃതനാം കിടാവിലും
കേളികേൾപ്പതിനു കേളിയാടണേ." 29

സീരി നോക്കി ഹരിയെ;-ച്ചിരിച്ചു കം-
സാരിയൊന്നു തലയാട്ടി; യാദവർ
ശൌരിതന്നെ ഗതി,യെന്നിരുന്നു; സം-
സാരി വിപ്രനിലലിഞ്ഞു ഫൽഗുനൻ. 30

"നന്നിതെന്തു കഥ;-യൊമ്പതുണ്ണിയോ-
മന്നിൽവാനവനു പോയതക്രമം
ഇന്നിവൾക്കൊരലിവില്ല കഷ്ടമാ"-
യെന്നുഴന്നു വിജയൻ വിയത്തുപോയ്. 31

ഇത്തരത്തിലറിയിച്ചു വിപ്രനാ-
ച്ചത്തകുട്ടിയെയെടുത്തു പിന്നെയും
തത്തദംഗമിടരോടു നോക്കിയ-
ന്നത്തൽ മൂത്തു നെടുവീർപ്പൊടോതിനാൻ. 32

"കോൾമയിർക്കളിരിളക്കമീമുഖ-
ത്തോമനേ! പുതുമയുള്ള സുസ്മിതം
കാണ്മതിന്നു കൊതി; ഭാഗ്യമില്ല; ഞാൻ
സീമയററ ദുരദൃഷ്ടദുർഭഗൻ. 33

അച്ഛനാധിയകലട്ടെ കൺതുറ-
ന്നച്ഛമൊന്നു കരകെൻെറ പൈതലേ!
കച്ച ജീവദശയിങ്കലാശ നി-
ന്നൊച്ച കേൾക്കുകിലെനിക്കുദിച്ചിടും. 34

സാമവേദമുരുവിട്ടതിങ്കലെ-
ള്ളുമരന്ദമണിയേണ്ട ചുണ്ടുകൾ
ക്ഷാമമാൎന്നിഹ വരണ്ടു കാൺകയാ-
ലാമയാഗ്നിയിലെരിഞ്ഞിടുന്നു ഞാൻ. 35

ആ മരിച്ച സുതരെട്ടുപേൎക്കെഴും
സോമസുന്ദരമുഖങ്ങളിങ്ങിനെ
രാമ! രാമ! മിഴികൊണ്ടു കണ്ട ഞാൻ
താമസിക്കരുതു ചാവണം ക്ഷണം. 36

ചൊല്ലുവാനൊരുവനില്ല; സഹ്യമ-
ല്ലെല്ലുകൂടിയുരുകുന്ന സങ്കടം!
ചൊല്ലുകെട്ട നൃവരന്റെ നാട്ടകം
പുല്ലുപോലെ നിരസിച്ചു പോകണം. 37

വല്ല ദിക്കിലുമൊഴിഞ്ഞു പാൎക്കണം
മല്ലവൈരി ചതിയൻ ജനാൎദ്ദനൻ;
പല്ലവാധരികളെപ്പുലൎത്തുവാൻ
നല്ലവൻ; വലിയ വാക്കരപ്പവൻ; 39
മായകൊണ്ടു മതി മാററി, വല്ലദു-
ൎന്ന്യായമോതിയപരാൎജ്ജിതം ധനം
ന്യായമെന്ന നിലയിൽ പിടുങ്ങു;-മെ-
ന്തായതച്ചികളശിച്ചൊടുക്കിടും. 39

ധൎമ്മമീ വികൃതി ചൊന്നതാണു; പെ-
ററമ്മ വന്നു കഴൽകൂപ്പു,മച്ഛനും
തിന്മകൾക്കു വിളഭൂമി; നിങ്കലോ
നന്മ ഹന്ത; വിടുവിഡ്ഢിതന്നെ ഞാൻ. 40

വീൎയ്യമേറിയൊരു മക്കളും ഭവ-
ത്ഭാൎയ്യമാരുമിഹ സജ്ജനങ്ങളാം
ആൎയ്യരായ മറയോരിലീവിധം
ക്രൌൎയ്യമമ്പട! മുകുന്ദ! ദുൎമ്മതേ!" 41

പിന്നെയും മതിമറന്നു കൃഷ്ണനെ-
ത്തന്നെയെത്ര കഠിനം പറഞ്ഞുപോയ്.
"എന്നെയിങ്ങിനെ വലച്ചിടൊല്ല, ഞാൻ
നിന്നെ വിട്ടു പിരിയില്ല മാധവ! 42

എട്ടു കുട്ടികൾ മരിച്ച സങ്കട-
പ്പെട്ടുഴന്നു കലികൊണ്ടു തുള്ളി ഞാൻ
മട്ടുമാറിയവിടേക്കനിഷ്ടമാ-
യിട്ടു ചൊന്നതഖിലം പൊറുക്കണേ. 43

സത്യമൂൎത്തി, സകലേഷ്ടദൻ, ഭവാൻ
നിത്യ,നാദ്യ, നഖിലാണ്ഡനായകൻ,
മൎത്ത്യനെന്നു കരുതിദ്ദുഷിച്ച ഞാൻ
കൃത്യബോധരഹിതൻ ബഹിഷ്കൃതൻ. 44

ഭൃത്യവത്സല! ഭവാന്റെ ഭൃത്യനും
ഭൃത്യഭൃത്യനുമവന്റെ ഭൃത്യനും
ഭൃത്യനെന്ന നിനവിന്നയോഗ്യനീ
മൎത്ത്യനേററമപരാധി കേവലം." 45

ഉള്ളിലുണ്ണിയുടെ കോമളാനനം
തള്ളിയേററിയ വികാരശക്തിയാൽ
പുള്ളി വീണു; മകനെക്കുറിച്ചകം
പൊള്ളിയിങ്ങനെ പറഞ്ഞു പിന്നെയും. 46

“കുട്ട! നോക്കുകെ,ഴുന്നേല്ക്കുക,ച്ഛനെ–
ക്കഷ്ടമിങ്ങിനെ വെടിഞ്ഞു പോകൊലാ
എട്ടു സോദരർ വെടിഞ്ഞൊരെന്നെയി–
ങ്ങിട്ടു പോകരുതു കൊണ്ടുപോകണം. 47

ക്കൂലികെട്ട ചുമടൊയ്മ്പുതേറ്റി വ–
ന്മാലിയന്നു ഗതികെട്ടൊരമ്മയെ
ത്താലിയും തനയനും നശിച്ച പെൺ–
ച്ചേലിലാക്കുക നിനക്കു യുക്തമോ? 48

അച്ഛനില്ല ഗതി; പൈതൃകോദകം
സ്വച്ഛനിർമ്മലതനോ! മുടിക്കൊലാ
ഇച്ഛ വെക്കുകെ,ഴുന്നേല്ക്കുകോ,മന–
സ്സുച്ഛമായ വഴി ഞാൻ പറഞ്ഞതാം.” 49

കട്ടതിന്നു, കളവോതി,യാരെയും
തൊട്ടു തിന്നു കഴിയുന്ന കൃഷ്ണനെ
മുട്ടുകുത്തിയറിയിച്ചൊരല്ലൽ കേ–
ട്ടിട്ടു പുഞ്ചിരിയിടുന്നു കശ്മലൻ. 50

പാട്ടിൽ നിന്നു വടിവെച്ചമത്ത പെ–
ണ്ണാട്ടിമാരുടെ കളിക്കുരങ്ങിനെ,
നാട്ടിനുള്ള ശനിയെ, സ്തുതിക്കയോ?
കാട്ടിൽ നിന്നു വിലപിക്കയോ ഗുണം? 51

മൌനിയായി മുചുകുന്ദമോക്ഷദ–
ന്താനിരുന്നതിലിടഞ്ഞു ഫൽഗുനൻ
“ഞാനിതാ സഭ വെടിഞ്ഞുപോകയാ”–
യ്മാനിയിങ്ങനെ പറഞ്ഞിറങ്ങിനാൻ. 52

ഉള്ളലിഞ്ഞ വിജയൻെറ വാക്കിലും
പിള്ള ചത്ത മറയോൻെറ വാക്കിലും
ഉള്ളുകള്ളികളറിഞ്ഞ കൃഷ്ണനെ-
ന്നുള്ളുകൊണ്ടു ചിരിതന്നെ കേവലം. 53

ഭൂസുരൻ മതിതെളിഞ്ഞു പിന്നെയും
വാസുഭദ്രനെ വിളിച്ചുലച്ചുതേ
"വാസുദേവ! ദുരിതം കെടുക്കണേ
നീ സുമംഗളനിധാനമല്ലയോ? 54

എന്തുതന്നെയവലാതി ചൊല്കിലും
പിന്തുണയ്ക്കു കൃപ ചെയ്തിടായ്കിൽ ഞാൻ
വെന്തുനീറുമഴലാന്ന കാന്തയോ-
ടെന്തു ചെന്നു പറയേണ്ടു മാധവ! 55

കൃഷ്ണ! കൃഷ്ണ! സകലം പൊറുക്കണേ
കൃഷ്ണ! കൃഷ്ണ! മകനേററുപോരണേ
കൃഷ്ണ! കൃഷ്ണ! പിതൃശാപമാററണേ
കൃഷ്ണ! കൃഷ്ണ! കൃപയെന്നിൽ വെയ്ക്കണേ. 56

കഷ്ടങ്കാവ്യണ്ണനെന്നിൽ കരുണ കണവുമി-
ല്ലേ;-ൻെറ മുജ്ജന്മസിദ്ധാ-
ദൃഷ്ടന്നീങ്ങാത്തതാവാം; തലയിലെഴുതിയാൽ
പിന്നെ നീക്കാൻ ഞരുക്കം;
ദിഷ്ടക്കേടിൻെറ മൂലം തിരയുക വിഷമം;
നല്ല കാലം വരുമ്പോ-
ളിഷ്ടം സാധിക്കു;-മോർത്താൽ പ്രകൃതിയുടെ കളി
പ്പന്തലാണീ പ്രപഞ്ചം. 57

'കൎമ്മം പൂൎവ്വാൎജ്ജിതമൊന്നാക്കനുഭവമിഹലോ-
കത്തിലെ'ന്നാഗമത്തിൻ
മൎമ്മം കണ്ടോർ കഥിക്കും പഴമൊഴി പതിരാ-
കില്ല, സന്ദേഹമില്ല.
ഇമ്മട്ടെന്തൊക്കെയോ ഞാൻ ചപലത പലതും
കാട്ടി; ദൈവേച്ഛപോലി-
ജ്ജന്മം സാധിച്ചപോണം, ജനി-മൃതി-സുഖ-ദുഃ-
ഖങ്ങൾ മായാകൃതങ്ങൾ." 58

ഏവം വിപ്രനുരച്ചു ഹന്ത! സഭയിൽ
ശ്രീകൃഷ്ണനെക്കൂപ്പി,യാ-
പ്പാവം ചത്ത കിടാവിനെച്ചുമലിലി-
ട്ടേന്തിക്കരഞ്ഞങ്ങിനെ
ദേവന്മാരുടെ മുമ്പിൽനിന്നുടനിറ-
ങ്ങിപ്പോന്നു, "വേളിക്കെഴും
ജീവൻ താങ്ങണമെ"ന്നു വന്നവഴിയേ
പോയാനിളാവാനവൻ. 59

വാരപാരംഗതനായ വൈദ്യരത്നം ഇ. ടി. നാരായണൻ മൂസ്സാണ് അവിടത്തെ ചികിത്സിച്ചിരുന്നതു്. കല്ലൂർ ഇളേടത്തു തയ്ക്കാട്ടില്ലവും നടുവത്തില്ലവും തമ്മിൽ തലമുറകളായിത്തന്നെ അഭേദ്യബന്ധം നിലനിന്നുപോരുന്നുണ്ട്. രോഗവും പ്രായാധിക്യവും വന്നതോടുകൂടി തിരുമേനി പുറമെ പോയി സാധാരണയായി താമസിക്കാറില്ലെങ്കിലും ഇടയ്ക്കിടയ്ക്കു വൈദ്യരത്നം നാരായണൻമൂസ്സിന്റേയും മഹൻ നീലകണ്ഠൻമൂസ്സിന്റേയും മററും പ്രീതിക്കുവേണ്ടി കീഴ്നടപ്പനുസരിച്ച് കല്ലൂർ ഇളേടത്തു തയ്ക്കാട്ടില്ലത്തു പോയി താമസിക്കുക പതിവാണ്.. 88-ൽ പുണ്യശ്ലോകനായ അച്ഛൻനമ്പൂരി ദിവംഗതനായി. കൈരളിയുടെ ഒരു കണ്ഠാലങ്കാരം കാലപ്രവാഹത്തിൽ അടിഞ്ഞു. സംവത്സരദീക്ഷയ്ക്കിടയിലും ആവിട്ടത്തൂർ ദേവസ്വംഭരണം സമംഗളം നടത്തിപ്പോന്നു. അതിനുശേഷം 94-ൽ മാത്രമാണ് 18 കൊല്ലം നീണ്ടുനിന്ന ദേവസ്വം ഭരണത്തിൽനിന്നും അവസാനമായി ഒഴിവായതു്. അന്നു് ആ മഹാക്ഷേത്രത്തിലെ മററു് ഊരാളന്മാർ എല്ലാവരുംകൂടി അദ്ദേഹത്തിനു ടി ക്ഷേത്രസദസ്സിൽവെച്ച് ഒരു ആശംസാപത്രവും മെഡലും സമ്മാനിക്കുകയുണ്ടായിട്ടുണ്ട്. അനന്തരകാലത്തു 'സന്താനഗോപാലം', 'ആശ്രമപ്രവേശം', 'ഭക്തിലഹരി' എന്നീ ചെറുകാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും 'ഘോഷയാത്ര' നാടകവും, 'ഗാന്ധി'യും എഴുതിത്തീർക്കുകയും ചെയ്തു. അവിടത്തെ അമ്മ 1101 കന്നിമാസം 1-ാംനു- പകൽ 4 മണിസമയത്തു ദിവംഗതയായി.

മഹൻനമ്പൂരി സജാതിയിൽ വിവാഹം ചെയ്തിരുന്നില്ല. ഹൈക്കോർട്ടുവക്കീൽ ശ്രീമാൻ പെരിഞ്ചേരി രാ

മൻമേനോൻ അവർകളുടെ സഹോദരി നാനിക്കുട്ടിയമ്മയാണു് അവിടത്തെ കളത്രം. ഈ മഹതിയിൽ അവിടേക്കു നാലു് ആൺമക്കളും നാലു പെൺമക്കളും ഉണ്ടായിട്ടുണ്ടു്.

അവിടത്തെ ഭക്തിസംവർദ്ധകങ്ങളായ ചില കൃതികൾ ശ്രീമതി നാനിക്കുട്ടിയമ്മയുടെ ആവശ്യവും പ്രേരണയും അനുസരിച്ചു നിർമ്മിച്ചവയാകുന്നു. 'ഗുരുവായൂരപ്പൻ', 'വിഷാരിക്കലമ്മ', 'ശിവസ്തവം' മുതലായവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

സ്ഥാനത്യാഗംചെയ്ത കൊച്ചി വലിയ തമ്പുരാൻതിരുമനസ്സുകൊണ്ടു് അവിടത്തെ കവിതയെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടു്. തിരുമനസ്സിലേയ്ക്കു സമർപ്പിച്ച,

"മാടേറിസ്സഞ്ചരിച്ചീടുകയടിപണിയും
ഭൂതജാലങ്ങൾ കഷ്ട-
പ്പാടേൽക്കാതുള്ള രക്ഷാനിപുണത നിലനിൽ-
ക്കുന്ന സർവ്വജ്ഞനാമം
കൂടെപ്പേർകൊണ്ടൊരപ്പാർവ്വതികുളിർമവരു-
ത്തുന്ന കുന്നിന്മേൽ വാസം
ചോടേവം പാർത്തിടുമ്പോൾ നിധിപതി സുഖദൻ
തമ്പുരാൻ ശംഭുതന്നെ."

മുതലായ ശ്ലോകങ്ങൾ തിരുമനസ്സിലെ പ്രശംസയ്ക്കു പ്രത്യേകം പാത്രീഭവിച്ചിട്ടുണ്ടു്. അക്കൂട്ടത്തിലുള്ള മറ്റൊരു ശ്ലോകമാണു് താഴെ ഉദ്ധരിക്കുന്നതു്:

ശോകത്തിനില്ല വഴി; സംശയമുള്ളിലുള്ള-
താകക്കളഞ്ഞിടുക; കാലനെതൃക്കിലും ഞാൻ
പാകത്തിലാക്കമവനെബ്ഭയമില്ല; പത്താം
തോകം ഭവാനനുഭവത്തിനു തന്നിരിക്കാം." 12

'ഒന്നല്ല കഷ്ടമിവനൊയ്മ്പതു ബാലകന്മാർ'—
എന്നല്ലലാന്ന കരളെങ്ങിനെ ഞാനടക്കും
നന്നല്ല തെല്ലഹിതമായറിയിച്ചതി;-ഷ്ടം
തന്നല്ലലാറുമവിടുന്നതു സമ്മതിക്കാം. 13

"എന്തിപ്പൊഴും കരളിളക്കമെഴുന്ന മട്ടിൽ
ചിന്തിച്ചുരപ്പതിനു കാരണമാരണേന്ദ്ര!
കുന്തിക്കു ധമ്മജസഹോദരനായ്പിറന്നോ-
നെന്തിന്നസാദ്ധ്യ;-മരുതേ വെറുതെ വികല്പം. 14

ചൊല്പാം പറഞ്ഞപടി പുത്രനപായമൊന്നു-
മില്ലാതെ കാത്തുതരുവാൻ കഴിയാത്ത പക്ഷം
പുല്ലാണെനിയ്ക്കു തനു തിയ്യിലെരിച്ചിടും ഞാൻ
വില്ലാണു, നിന്തിരുവടിത്തളിരാണു; സത്യം." 15

സത്യം വിടാത്തവകയാണിവനേററുരച്ച-
കൃത്യം നടത്തുമതിനില്ല വികല്പ,മല്പം
അത്യത്ഥമീ നിലയിലോത്തു, കിരീടിയോടായ്
പ്രത്യക്ഷമിങ്ങനെ കടന്നു പറഞ്ഞു വിപ്രൻ. 16

"തീരാത്ത സങ്കടമൊഴിഞ്ഞു; ഭവാൻ പറഞ്ഞാൽ
പോരായ്കയില്ല; ശപഥം കരുതീല ലേശം
വീരാഗ്രഗണ്യ! തൊഴുതേൻ; ദ്വിജചാപലങ്ങൾ
തീരാത്തതെന്ന കഥ ലോകചരിത്രസിദ്ധം." 17

എന്നോതി, നിന്നു കുറെയൊന്നു ചിരിച്ചു, പിന്നെ-
യൊന്നോടി, പാൎത്ഥനുടെ പുറവുമെടുത്തു ചാടി;
വന്നോരു മോദജലരാശിയിൽ വീണലച്ചു;
മുന്നോട്ടു പോസ്ലി;-രികെവന്നു കരം പിടിച്ചു; 18

"പോകട്ടെയൎജ്ജുന, വിശേഷമകായിലും ഞാൻ
പാകത്തിലൊക്കെ വിവരിച്ചു മനസ്സിലാക്കാം
ശോകം ശമിച്ചഥമിനി പ്രസവം സമീപി-
ച്ചാകട്ടെയോടിവരു;-മന്നു മറന്നിടൊല്ലേ." 19

കേളിപ്പെട്ടും വിജയനോടിട വാങ്ങി,യില്ല-
ത്താളിത്തഴച്ച കുതുകത്തൊടു ചെന്നു വിപ്രൻ
വേളിക്കുകൈക്കുളിരിനീ വിവരങ്ങൾ തട്ടി-
മൂളിച്ചു, പൂൎണ്ണസുഖമൊത്തൊരുമിച്ചുവാണർ. 20

ഉണ്ടായിരുന്നൊരഴലൎജ്ജുനനെ സ്മരിച്ചു-
കൊണ്ടാററി, മായയുടെ ശക്തി, മറന്നു സൎവ്വം;
രണ്ടാളിലും സുഖമുദിച്ചു; ജഗത്തിലെത്ര
കണ്ടാലുമാരുമറിയാ പ്രകൃതിപ്രഭാവം. 21

എട്ടൊയ്മ്പതുണ്ണികൾ കഴിഞ്ഞവരെപ്പിരട്ടും
മട്ടൊത്ത കാലഗതി നോക്കുകവൎക്കു സൌഖ്യം
കട്ടൊക്കെയുണ്ടപകടം, സുഖദുഃഖമുള്ളിൽ
തട്ടൊല്ല; സാരമിതുതന്നെ പഠിക്കണം നാം. 22

ആ വിപ്രവന്ദ്യവരദമ്പതിമാർ സദാപി
ഭാവിപ്രിയം കരുതി വാണവരുന്ന കാലം
ദേവിക്കു ഗൎഭമതുനാൾമുതൽ വിപ്രനേറെ-
സ്സേവിച്ചു നിത്യനിയമങ്ങളിലുള്ളുറച്ചു. 23

കാദികളൊന്നൊത്തുരുവിട്ടം മുനി ചൊന്നപോലെ-
ന്നാദിസ്സു മുഖ്യവിധി പുംസവനം കഴിച്ചു
മോദിച്ചിരുന്നു 'മുറമൂന്നുരു'നൈ ജപിച്ചു
ഖേദിച്ചിടായ്വതിനവൾക്കു കൊടുത്തു വിപ്രൻ. 24

ക്ഷൌരം, കുളിച്ച ദിവസംമുതൽ നിൎത്തി, വേദ-
സാരം പ്രജാഭ്യുദയമാസ്ലറയുംപ്രകാരം;
വൈരം വെടിഞ്ഞു ഹൃദി, വിത്തചയം ജനോപ-
കാരത്തിനാക്കി, വളരെസ്സുകൃതങ്ങൾ ചെയ്തു. 25

പാലപ്പമെന്ന പല ഭോജ്യപദാൎത്ഥമന്നാ-
ശ്ശീലം തികഞ്ഞ സതി ഗൎഭിണിയാത്തലമ്മാൾ
ബാലക്കു തൃപ്തിയടയുംപടി വാരി വാരി-
ക്കാലത്തുതൊട്ടവൾ കൊടുത്തിട്ടമന്തിയോളം. 26

പത്തും തികഞ്ഞു, വയറൊന്നു കിഴിഞ്ഞു, സാദ-
മൊത്തുള്ള പത്നിയുടെ മാതിരി കണ്ടു വിപ്രൻ;
ഉത്തുംഗസംഭ്രമമിയന്നു, കിരീടിയോടാ-
പത്തുള്ള കാലമറിയിക്കണമെന്നുറച്ചാൻ. 27

"അംഗസ്സൊഴിച്ചു വിജയൻ തരുമിന്നു സൎവ്വ-
ഭോഗങ്ങളും സുദൃഢ"മെന്നവനോടിയെത്തി
"ഹേ! ഗന്ധവാഹജസഹോദര! പാഹി! പാഹി!
വേഗം വരൂ! പ്രസവകാലമടുത്തു"വെന്നാൻ. 28

"കുന്നിച്ചുവെയ്ക്കുക, മറക്കരുതോൎമ്മവേണം;
വന്ദിച്ചിടുന്നു, കൃപ വേണ,മനാഥനീ ഞാൻ."
കുന്നിച്ചിറങ്ങുമളവൎജ്ജുനനോടു വിപ്രൻ
നന്ദിച്ചിവണ്ണമവിടെപ്പലതും പറഞ്ഞു. 29

ഒന്നിച്ചു ചെന്നു നിലയത്തിലണഞ്ഞു വിപ്രൻ,
വന്ദിച്ചുകൊണ്ടരുളിയൎജ്ജുനനോടു വീണ്ടും;
"ഒന്നിച്ചുവെയ്ക്കുക, മനസ്സിളകുന്നു, ധൈൎയ്യം
ഭിന്നിച്ചിടുന്നു, മകനേ! യമനെബ്ഭയം മേ." 30

മാനിച്ചു ധൂൎജ്ജടിയെ, വില്ലു കുലച്ചു, ദിവ്യം
ധ്യാനിച്ചു ശസ്ത്രനിര, പാൎത്ഥനൊരുങ്ങിനിന്നു
വാനില്ക്കൂടത്ത ശരക്കൂടമിണക്കി, വിപ്രൻ
താനിച്ചുവെച്ചു ചെകിടോൎത്തിറയത്തു നിന്നു. 31

"ഇള്ളക്കിടാവിളകി, കണ്ണിനു പററി, നവ്യോ
പിള്ളയ്ക്കു തട്ടി,യൊരുമുക്കി,നിയത്ര്യയായി
വെള്ളം തളിപ്പതിനൊരുക്കുക,"യെന്നകായി-
ലുള്ളാ പരിഭ്രമവചസ്സുകൾ കേട്ടു വിപ്രൻ. 32

പിള്ളയ്ക്കു നല്ലതു വരട്ടെ,യരിഷ്ടമൊന്നും
തള്ളയ്ക്കുമൊത്തിടരുതെന്നു, നിനച്ചു പിന്നെ
ഉള്ളം പിടച്ചരുളി"യൎജ്ജുന! പാൎത്ഥ! പാൎത്ഥ!
കള്ളൻ ചതിയ്ക്കുമിരുകയ്യിലുമമ്പെടുക്കു." 33

അല്ലാ കിടാവു കരയുന്നു, പെരുത്തരിഷ്ട-
മില്ലാതെ പെററു സുഖ,മണ്ണി ജയിച്ചു പാൎത്ഥൻ
വല്ലാതയപ്പുറയി,ലാശ്ശിശുവിൻ കരച്ചി-
ലില്ലാ, 'പിണാവ'ലറിവന്നു വിഴുന്നു മുമ്പിൽ. 34

"ചൊല്ലു,ല്ലലെന്തു? വരു പാൎത്ഥ! നമുക്കു ചെന്നീ-
ററില്ലത്തിലൊന്നു തിരയാം ക്ഷണ"മെന്നു വിപ്രൻ
വല്ലന്തികൊണ്ടറയിലാൎന്നു, കിടാവിനെക്ക-
ണ്ടില്ലപ്പൊ,ളാന്തിയിടറിത്തലതല്ലി വീണു. 35

നില്ലാത്ത ചിന്തയതിരററ വിഷാദമീറ-
യെല്ലാം കലൎന്നു മതി മങ്ങിയ പാൎത്ഥനപ്പോൾ
വല്ലാതെ നിന്നു, പറയാം പരമാൎത്ഥമെന്തെ-
ന്നില്ലാത്ത ഗൎവ്വപരിജയത്തിനു മുഖ്യമൂലം. 36

എന്താണിതെന്തു കഥയാണു കിരാതമൂൎത്തി
ചെന്താമരാസ്ത്രരിപു തന്ന ശരം ശരാസ-
മന്താളുതം വലിയൊരക്രമമോൎത്തനിസ്സ
വെന്താളിടുന്നു ഹൃദയം കലി കേറിടുന്നു. 37

"തന്നേസ്സ, വേണ്ട കളിയുണ്ണിയെ, ദൃഷ്ടദോഷം
വന്നേസ്സ,മോൎക്കുക കൃതാന്ത! കിരീടിയേ നീ
യിന്നെന്തു കണ്ടു കളിയാക്കി, 'യമൻെറ കാല'-
നെന്നെന്നെയിന്നുമുതലാളുകളോൎക്കുവാനോ?" 38

കട്ടിത്തമുള്ളുടൽ വിറച്ചെരികോപവഹ്നി
പൊട്ടിത്തെറിച്ച നയനങ്ങളിളക്കിഃനാക്കി
'വട്ടിക്കണക്ക' വിജയൻ ചെറുഞാൺ വലിച്ചു
വിട്ടിട്ടിടിക്കൊതുകരോരരവം മുഴക്കി. 39

തട്ടിപ്പിടഞ്ഞവിടെനിന്നെഴുനേററു വിപ്രൻ
പൊട്ടിക്കരഞ്ഞു തലതല്ലിയലച്ചു പിന്നെ
ഞെട്ടിത്തെറിച്ചു വിജയൻെറ മുഖത്തു കുത്തി-
പ്പൊട്ടിച്ചിരിച്ചു പല ഗോഷ്ഠികൾ നിന്നു കാട്ടി. 40

"പ്രദ്യുമ്നനുണ്ണിയനിരുദ്ധ,നതിപ്രസിദ്ധൻ
വിദ്യുൽപ്രഭൻ മുസലി, മംഗളമൂൎത്തി കൃഷ്ണൻ;
ഉദ്യുക്തരല്ലവ,'രിവൻ മതി'യെന്നു കഷ്ടേ
ഹൃദ്യൂതവെച്ചു ദുരദൃഷ്ട! ചതിച്ചു നമ്മെ. 41

മല്ലാരിയെപ്പഴിപറഞ്ഞു ഞെളിഞ്ഞു മേനി
ചൊല്ലാനൊരുങ്ങിയ നപുംസകമായ നിന്നെ
തല്ലാഞ്ഞതിൻെറ ഫലമാണിഹ കേട്ടകേളി-
യില്ലാത്തമാതിരി പിണഞ്ഞൊരു പുത്രദുഃഖം. 42

വില്ലാരു തന്നു, ശരമെങ്ങിനെ കിട്ടി, നിൻെറ
മല്ലാ ഹരൻെറ തലയിൽ, ശിവ! രാമ! രാമ!
ചൊല്ലാനരുസ്സു,മിനി നീ മറയത്തു പോക;
നല്ലാളുകൾക്കരുതസജ്ജനസംഗലേശം. 43

പോകാൻ വരട്ടെയൊരു പട്ടട തീർത്തു തിയ്യിൽ
ചാകാം, ഭവാൻ നെറിവെഴുന്നവനെങ്കിൽ വേഗം
ആകാത്ത പുത്രവിരഹാനലനെന്നെയിട്ട
ചാകാതെ കൊല്ലുതിനു നിയ്യൊരുവൻ നിമിത്തം. 44

എട്ടാശകൾക്കുമധിപൻ വിളു കൃഷ്ണനുള്ളിൽ
തട്ടാത്ത പാപി,യവനെപ്പഴി ചൊല്ലിടയാൻ നീ
തൊട്ടാൽ കുളിക്കണമെടുക്കുക വില്ലു ചൂണ്ടൽ
കെട്ടാൻ കൊടുക്കുക, നടിസ്സുരുതാരുമേറെ." 45

ദൈവത്തെയോർത്തു, നെടുവീർത്തു, മുഖം കുനിച്ചു,
ഭാവം പകർന്നു, നയനാംബു പൊഴിച്ചു, കൂപ്പി;
പാവം കിരീടിയമരുന്നതു കണ്ടു വിപ്ര-
നാവന്ന കോപദഹനജ്വരമസ്തമിച്ചു. 46

"കഷ്ടം ദുഷിച്ചു ജഗദീശ്വര! ഞാൻ കടന്നീ
ശിഷ്ടൻ ധനഞ്ജയനെയും ശിവ! രാമ! രാമ!
ദിഷ്ടത്തിനില്ല പിഴ, 'നോക്കിഹ കർമ്മബന്ധാ-
ദൃഷ്ടങ്ങളാണനുഭവങ്ങ'ളിതാണു ശാസ്ത്രം. 47

സ്നേഹം കലൎന്ന വിഷയപ്രതിപത്തി മായാ-
മോഹം വളൎത്തു,മതിൽനിന്നഴലേതവൎക്കും
ഹാ! ഹന്ത! ഗേഹ-സുത-മിത്ര-കളത്ര-സൌഖ്യം
ദേഹത്തെയോൎത്തു കരുതിക്കളയുന്നു ജന്മം. 48

ആരാണു ഞാ,നെവിടെനിന്നു വരുന്നു, പോകും
പാരാരു കണ്ടു, നിലയില്ലൊരു കമ്പമൊക്കെ;
ആരാണു മക്ക,ളവരെന്തിനെനിക്കു; സൎവ്വം
നാരായണന്റെ കളി,യാരറിയും പ്രപഞ്ചം? 49

കഷ്ടത്തിലായി വിജയൻ, പരമെന്റെ ദുഷ്ടാ-
ദൃഷ്ടത്തിലായി വിജയം, തകരാറിലായി,
നഷ്ടത്തിലാകുമുടനൎജ്ജുന,നാൎയ്യ കുന്തീ
ശിഷ്ടം നിനയ്ക്കുക ഞെരുക്കമഹോ! കടപ്പം. 50

ആട്ടേ, തിരക്കുക സഖേ! സഖി കൃഷ്ണനേയും
കൂട്ടേണമിന്നുലകിൽ നിങ്ങളൊരുങ്ങിയെന്നാൽ
കൂട്ടേറുമോതിടുകയല്ലഖിലം സുസാദ്ധ്യം;
വാട്ടേണ്ടതില്ല ഹൃദയം ശുഭമായ്വരും തേ.” 51

പാദം നമിച്ചു വിജയൻ; കൃതിയന്തണനാനു-
വാദം ലഭിച്ചു; ധൃതിയോടവിടുന്നിറങ്ങി
സാദം ത്യജിച്ചു; കൊലവില്ലു കുലച്ചു; ചാപ-
വേദം സ്മരിച്ചു; ബലി യൌഗികവിദ്യയാൎന്നാൻ. 52

എട്ടാശയും തിരയണം കുറെയൊന്നു ബുദ്ധി-
മുട്ടാതെകണ്ടു വിജയത്തിനു മാൎഗ്ഗമില്ല
കട്ടാകെയോൎത്തു വിജയൻ യമനോടു യുദ്ധം
വെട്ടാനുറച്ചവിടെയെത്തി മനോജവത്തിൽ. 53

ധൈര്യം കുറഞ്ഞവകയാണ,റിവില്ല വേണ്ട-
കാര്യങ്ങളൊന്നുമറിയില്ല, വിപത്തിലൊട്ടും;
ഭാര്യക്കിതാണു നില; ഞാനിനിയീശ്വരന്റെ
വീര്യങ്ങളുള്ള കഥ ചൊല്ലിയടുത്തുകൂടാം. 54

ഏവം നിനച്ചു കരയും പ്രിയയോടു ശുദ്ധ-
ഭാവം കലൎന്നു ഭഗവൽസ്മരണയ്ക്കുവേണ്ടി;
സേവയ്ക്കുനിന്നു പല സൽക്കഥയും പറഞ്ഞു,
ദൈവപ്രഭാവമവനിങ്ങിനെ വിസ്തരിച്ചു. 55

“അലയരുതരുതാരും ഹന്ത! സംസാരമാകു-
ന്നലയി,ലതിലിറങ്ങിക്കുത്തടിച്ചാൽ കുടുങ്ങി—
നിലയുടെ കഥയില്ലാ, നീന്തിയാൽ നീങ്ങുകില്ലാ,
വിലയകരമനന്തം വീചി,യെന്താണൊരന്തം! 56

മൃതിജനി സുഖദുഃഖം മാറി മാറിജ്ജഗത്തിൽ
പ്രതിദിനമൊരു തുമ്പും വാലുമില്ലാത്തമട്ടിൽ
അതിരസമിഹ കാണുന്നില്ലയോ? ‘പേക്കിനാവീ-
സ്ഥിതി’യിതി കരുതുന്നോൎക്കന്തകൻ പുല്ലുപോലെ. 57

‘നവ വിവരമിണക്കിത്തീൎത്ത പാത്രത്തിലേറും
പവനനു,മുടൽപ്പൂകും ജീവനും തുല്യമേ’വം
എവനറിയു,മറിഞ്ഞാൽ പിന്നെ മായാപിശാചി-
ക്കവനൊരടിമയല്ലാ, നിത്യനിൎമ്മുക്തനായി. 58

ജനി, നില, മൃതിയേവം കൂത്തടിക്കും ജഗൽക-
മ്പനിയുടെ നിലനില്പാം സച്ചിദാനന്ദനാദ്യൻ
കനിയുമവനെയന്നാ ‘വാസനാശക്തി നീങ്ങാ-
ക്കുനിപിഴ’യുമൊഴിഞ്ഞിട്ടാടുമെന്നാപ്തവാക്യം.” 59

ഗ്രഹനില ദശയെല്ലാം നോക്കിയാശ്വാസമാക്കാ-
മഹ,മിവിടെയിരിക്കു, ജാതകം വെച്ചുരസ്സാം
മഹദപജയമെങ്ങാൻ പററിയാലുള്ളടക്കാ-
നിഹ ഭുവി പതിവേവം ജാതകക്കെട്ടെടുക്കൽ. 60

വേദത്തിൽ കണ്ട തത്ത്വം പലതു,മവ പര-
ത്തും പുരാണത്തിലോരോ
വാദത്തിൽ പെട്ട സാരങ്ങളു,മഴലകലും
കാലവും ജാതകത്താൽ
സാദത്തിന്നുള്ള ശാന്തിക്കരുളിയരുളിയ-
ന്നന്തണൻ കാന്തയാൾതൻ
ഖേദത്തിയ്യാററി വാണു മറയുടെ പൊരുളിൽ
ചിത്തമർപ്പിച്ചു സൌഖ്യം. 61

# മൂന്നാം സർഗ്ഗം.

ഭയദശമനരാജ്യം തെക്കുതെക്കാത്രിലോകി-
ക്കിയലുമിടയിലപ്പിൻ മോളിലൂഴിക്കു കീഴിൽ
നിയതിയിൽ നിനവില്ലാപ്പാപികൾക്കുള്ള ശിക്ഷാ-
നിയമമുറ നടത്തും പ്രൌഢിയൊത്തുജ്ജ്വലിപ്പൂ. 1

സമനിലയിലനേകം ധർമ്മനേതാക്കളുള്ളാ
ക്ഷമയിലതിവിശേഷപ്പെട്ടെഴും പട്ടണാഗ്ര്യം
വിമലമധികശാന്തം സജ്ജനാരാധ്യമാം 'സം-
യമനി' പൊലിമ പൊങ്ങിബ്ഭംഗി തിങ്ങിത്തിളങ്ങി. 2

കനകമയമശേഷം, സൌഖ്യദം, കാമഗം, യോ-
ജനയടി ചതുരശ്രം, വിസ്തൃതം, നിസ്തുലാഭം,
അനഘരുചിരശില്പം, നത്സഭാമണ്ഡപം സ-
ജ്ജനനിവഹനിഷേവ്യം, ദിവ്യമങ്ങുല്ലസിപ്പൂ. 3

സുരവരപുരി തീർത്താശ്ശില്പി നിർമ്മിച്ച വിശേഷാ-
ത്തരശുഭസഭതന്നിൽശ്രേഷ്ഠസിംഹാസനത്തിൽ,
നരരുടെ നെറികേടിന്നൊത്ത ശിക്ഷയ്ക്കൊരുങ്ങി
സ്ഥിരതയൊടരുളുന്നു ധർമ്മരാജാധിരാജൻ. 4

ഒരുപുറമഥ കാലം; മററിടം മൃത്യു; കോപ്പി-
ട്ടൊരുമയൊടൊരുമട്ടിൽക്കാത്തു ലാത്തും ഭടന്മാർ
'തിരുവടി യമനിന്നൊന്നോതിയാലണ്ഡഭാണ്ഡം
തിരുതകൃതിലൊടിക്കാ'മെന്നിളക്കുന്നു ഖഡ്ഗം. 5

നിരവധി പുകൾപൊങ്ങും ശ്രീമരുത്തുക്കൾ, വിദ്യാ-
ധരവര,രറിവേറും സിദ്ധസാദ്ധ്യാധിപന്മാർ;
വരസുകൃതികൾ തെക്കൻദിക്കിലക്കൻ ചരിക്കെ-
ച്ചരമഗതിയടഞ്ഞോർ; മൂവ്വർ വൈശ്വാനരന്മാർ. 6

ഇവരധിപനുചുററും സ്ഥാനമാർന്നോർ, സഭാവൈ-
ഭവമൊരുവനുമോതിബ്ഭംഗിയാക്കാൻ ഞെരുക്കം
ദിവസവുമതിലോരോ ജോലിയുണ്ടേതവർക്കും
ഭുവനവിദിതമാണീച്ചട്ടവട്ടങ്ങളെല്ലാം. 7

ഇവിടെയമരുമോരോ ജീവികൾക്കൊക്കെയീര-
ണ്ടവിടെയനുചരന്മാർ ശൂരരുണ്ടാസ്സദസ്സിൽ
ഭുവി നരരനുവാരം ചെയ്തിടും കൃത്യമെല്ലാ-
മവികലമെഴുതുന്നാച്ചിത്രഗുപ്തന്റെ കീഴിൽ. 8

ജനനമരണമോരോ ജീവികൾക്കും കുറിപ്പാ-
രിനവിവരമിരിക്കും ബുക്കു നോക്കിക്കഥിക്കും
അനവധി ഭടരപ്പോൾ ദണ്ഡുമേന്തിത്തിരിക്കും
ദിനസരി മുറയേവം ചിത്രഗുപ്തൻ ഭരിക്കും. 9

ധരണിയിലഥ ചെന്നാക്കിങ്കരന്മാർ പിടിക്കും
നരരുടെ കഥയോർത്താലമ്പരപ്പാകമാനം
വരവനിത, വലിപ്പം, വിദ്യ, വിത്തം കുടുംബം,
നിരവധി പുകളെല്ലാം തീർന്നു താനേകനായി. 10

ക്ഷമയുടെ കഥയില്ലാതാട്ടിയോടിച്ചു സാക്ഷാൽ
ശമനസഭയിലേററിസ്സാന്ദ്രരീതിക്കു നിർത്തി
ക്ഷമയിലൊളിവിലായിച്ചെയ്ത കൃത്യങ്ങളും ത-
ത്സമയവുമവർ കേൾക്കെച്ചിത്രഗുപ്തൻ കഥിക്കും. 11

50383
KOTTAYAM PUBLIC LIBRARY KOTTAYAM

പക്വ, ലിഖ, രവി, മാനം, വഹ്നി, ധർമ്മം, ശമം, രാ-
വ, കൃമദ്ധ്യപതി, വാതം, സന്ധ്യയുണ്ടപ്പിവണ്ണം
പുകഴുടയ പതിന്നാലാളുമിച്ചൊന്ന കൃത്യം
സകലവുമിഹ നോക്കിക്കണ്ടതായ് സാക്ഷിചൊല്ലും. 12

അരിയ സഭയിലഗ്നിഷ്വാത്തരാ 'ദഹനപോ,ഷ്മ-
പ്പരിഷ'യറിവുകൂടുന്ന 'സ്വധാ', 'കീർത്തി'യേവം
പെരിയ പിതൃവരന്മാർ കേസ്സുദത്താറും പ്രസംഗം
ത്വരിതതരമതിക്കും കീഴ്നടപ്പും കഥിക്കും. 13

സുരഥനൃപതി, മത്സ്യൻ, ബ്രഹ്മദത്താഖ്യ, നൌശീ-
നരമനു, പൃഥു, രാമൻ, പിംഗളൻ, പുരുപുണ്യൻ;
ശരഭധരണിപാലൻ, ഭീഷ്മകൻ, ഭീഷ്മരേവം
നരപതികൾ മഹാന്മാർ 'ജൂറി'മാരാസ്സദസ്സിൽ. 14

പുലഹനഥ, വസിഷ്ഠൻ, ഭാർഗ്ഗവാഖ്യൻ, മതംഗൻ
കലഹരതി, കരംഭൻ, പർവ്വതൻ, വാമദേവൻ,
കലശജമുനി, സാക്ഷാലാർഷ്ടിഷേണൻ തുടങ്ങി-
പ്പല പല മുനിമാരും 'ജൂറി'മാരെന്നു കേൾപ്പൂ. 15

ഇവരിലധികപക്ഷം നോക്കിയദ്ധർമ്മരാജാ-
വവർകളരുളിടുന്നാശ്ശിക്ഷ ശീഘ്രം നടത്തും
എവനുമതിനെതിർക്കാൻ വയ്യ പൊയ്യൊല്ലുള്ളണംതാൻ
ജവമൊടു നരകത്തിൽ ജീവികൾക്കെന്നു ചട്ടം. 16

യമസഭയിലിവണ്ണം ധർമ്മശാസ്ത്രങ്ങളോർത്ത-
ക്രമരഹിതമനേകം ജോലി ചേലായ് നടക്കേ
സമരനിപുണനക്കാലർജ്ജുനൻ കോപമാർന്നാ-
ശ്ശമനനൊടടരാടാനപ്രദേശത്തിലെത്തി. 17

ഉടനടിയിടവാങ്ങി ക്കൂസൽക്കൂടാതെ ചെന്നുൽ-
ക്കടകടുകനലാളും ദൃഷ്ടിയിട്ടൊന്നുരുട്ടി
പടവുകളടിയൂന്നിക്കേറി നിന്നസ്സഭാസം-
ഘടനമഹിമയെല്ലാം പാൎത്തു പാൎത്ഥൻ നടുങ്ങി. 18

അരികിലതിഥിപൂജക്കോൎമ്മ വെച്ചെത്തിയേറെ-
പ്പരിചിതനില കാട്ടും ധൎമ്മരാജന്റെ നേരേ
അരിശലഹരിയുള്ളോൻ വില്ലു കുത്തിപ്പിടിച്ചാ-
ഗ്ഗിരിശശരമിളക്കിപ്പാൎത്ഥനിത്ഥം പറഞ്ഞാൻ: 19

"തരിക, തരിക വേഗം ബ്രാഹ്മണാപത്യ,മൊന്ന-
ല്ലരിശമിളകിടുന്നു, പത്തുമിന്നെന്റെ മുമ്പിൽ
ദുരിതമവരിലോരോന്നൊക്കെയും കണ്ടിരിക്കാം
ശരി,യവയിവനേറ്റൂ, പാശിവീശം വിടാ ഞാൻ. 20

ഹരനുടെ പരശിഷ്യൻ, ധൎമ്മപുത്രാനുജൻ, ശ്രീ-
വരനിവനുടെ സൂതൻ, വഹ്നിദത്തം ശരാസം;
ധരണിസുതനുവേണ്ടിച്ചെയ്ത സത്യംവിടാ; സം-
ഗരകുതുകി കുലുങ്ങാ, കാലകേയാന്തകൻ ഞാൻ. 21

സകലവുമറിയപ്പോന്നുള്ളൊരാളെന്തിനെന്നിൽ-
പ്പക കളക, വരുത്താ സത്യഭംഗം പ്രസംഗം
പകലിരവു കഴിഞ്ഞിപ്പന്തിരണ്ടാണ്ടു സത്യം
പകതിരിവൊടു കാത്താപ്പാരിടം നേടിയോൻ ഞാൻ."

"അരുതരുതൊരുലേശം കോപമുള്ളിൽബ്ഭവാനോ-
ടൊരു പകയിവനില്ലാ; മല്ലിടാനില്ല മോഹം;
കുരുകുലമണിമുത്തേ! നേരുകേടായ കാൎയ്യം
കരുതുക പതിവില്ലാ; വിപ്രവൎഗ്ഗത്തിലൊട്ടും. 23

സുരവരസുത! സാക്ഷാൽ ധൎമ്മപുത്രൻ ഭരിക്കും
ധരണി, വിളു മുകുന്ദസ്വാമി വാഴുന്ന കാലം,
നരരിലഴലുദിക്കാ, ഭൂസുരാപത്യനാശം
പരമതിശയ;മസ്ത്യോ പാൎത്ഥ! ചേരാത്ത കാൎയ്യം. 24

ഒരുപടി മൃതരായീ പുത്രരെന്നുള്ള ചൊല്ലി-
ന്നൊരു പൃഥുമ, വരില്ല്യാ ധൎമ്മജന്മാവിരിക്കെ;
കരുസമയമിതെങ്ങാൻ മാധവൻതന്റെ കേളി-
ത്തിരുമറിയിലകപ്പെട്ടുള്ളതാമുള്ളതെങ്കിൽ. 25

ധരണിസുരസുതന്മാരിപ്രദേശത്തൊരാളും
നരതിലക! ഗമിച്ചിട്ടില്ല്യ, സന്ദേഹമില്ല്യ;
നരമുനിവര! കോപം വേണ്ട ഞാനൊത്തു പോരാം
നരകനിര സമസ്തം കാട്ടിടാം ബോദ്ധ്യമാക്കാം.” 26

ശമനവചനമിത്ഥം കേട്ടു പാൎത്ഥന്റെ കോപം
ശമനനിലയിലായി, കാലനെക്കൈവണങ്ങി
‘ശമലനിധികളേല്ലും സങ്കടം കണ്ടുവെന്നാൽ
ശമമിവനിലുദിക്കും’ പാൎത്ഥനേവം നിനച്ചു. 27

സുകൃതികളണിമുത്താം ജിഷ്ണുവൊന്നിച്ചു ശാന്ത-
പ്രകൃതിശമനദേവൻ കൈപിടിച്ചാത്തമോദം
വികൃതികൾ കുടിപാൎക്കും കോട്ടപുക്കി,ങ്ങു കാട്ടും
തകൃതിയുടെ ഫലത്തെക്കാട്ടിയൊക്കെപ്പുതുക്കെ. 28

“ക്ഷിതിയിലപരവിത്താപത്യദാരാപഹാര-
ച്ചതിയരെയടിക്കുട്ടിപ്പട്ടിണിക്കിട്ടു കെട്ടി
അതികഠിനമിഴച്ചും കിങ്കരന്മാർ ശഠിച്ചും
സ്ഥിതി ഭയദമിതാ ‘താമിസ്രഗൎത്ത’ത്തിൽ നോക്കൂ. 29

അതിപലിശ, പണത്തിന്നെട്ടിരട്ടിച്ച ലാഭം
പ്രതിദിനമതിനോരോ സൂത്രമോതിപ്പകിട്ടി
മതിയിലൊരലിവെന്യേ പുഞ്ചിരിപ്പൂച്ചപൂച്ചി-
ച്ചതിയിലപരവിത്തം കയ്ക്കലാക്കും ഖലന്മാർ. 30

നരരിവിടെയണഞ്ഞാ'ലന്ധതാ'മിസ്രമാമീ
നരകഗുഹയിലാക്കും നാക്കു ചെത്തും ചതയ്ക്കും
പിരടിയിലടി, പല്ലും കണ്ണുമൊപ്പം തെറിയ്ക്കും;
ചരരുടെ പണി നോക്കു തൊള്ളയിൽ കോലിടുന്നു. 31

ഇവ,നിവനുടെ പുത്രൻ, ഭാര്യ, വിത്തം, ശരീരം,
ഭവന,മവനി,യെന്നോർത്താരെയൊക്കെക്കെടുത്തും
അവരിഹ രുരുജന്തുക്കളുട്ടരായ്മാറവൻ 'രൌ-
രവ'നരകമണഞ്ഞാൽ ചെന്നു തിന്നാൻ തുടങ്ങും. 32

രുരുനിര ഫണിയെക്കാൾ ക്രൂരസത്വങ്ങളൊട്ട-
ല്ലുരുഭയദമിവറ്റിൻ കൊത്തലേറ്റജസ്രം
പുരുരുജ സഹിയാഞ്ഞിട്ടാർത്തരായ് സ്വാർത്ഥമേറെ-
ക്കരുതിയ ഖലരിപ്പോൾ കാങ്ക കാട്ടും പ്രപഞ്ചം. 33

അവനവനുടെ ദേഹംമാത്രമോർപ്പോർ 'മഹാരൌ-
രവ'മിതിലുടനെത്തും ഭാരശൃംഗങ്ങൾ കൊത്തും
ഇവ രുരുനിരയെക്കാൾ ക്രൂരജന്തുക്കൾ വല്ലാ-
ത്തവ വിജയ! ധരിക്കു സ്വാർത്ഥികൾക്കുള്ള ദുഃഖം. 34

അവനിയിലുയിരൊക്കും ജന്തുസംഘത്തെ വേവി-
ച്ചവരനിശമശിയ്ക്കും ദുഷ്ടദുർബ്ബുദ്ധിവർഗ്ഗം
അവരുടെ കഥ 'കുംഭീപാക'ഗർത്തത്തിൽ നോക്കു
ശിവ! ശിവ! പിടയുന്നു ചുട്ട തൈലത്തിനുള്ളിൽ. 35

KOTTAYAM PUBLIC LIBRARY
KOTTAYAM.

മുകളിലിന,നടുക്കെക്കീഴിലാളും ഹുതാശൻ,
പുകയുമനിശമമ്പാ ചെമ്പുകൊണ്ടുള്ള പാലം
വികലമധികദീർഘം കാണുവോർക്കുള്ളിലാധി-
പ്പകപകരുമിതത്രേ 'കാലസൂത്രം' കഠോരം. 36

ജനക-ജനനി-ദേവ-ബ്രഹ്മവിദ്വേഷമേലും
ജനമിവിടെ വരുമ്പോൾ കാലസൂത്രത്തിലേററി
കനലെരികടുവെയിലത്താട്ടിയോടിച്ചു തല്ലി-
ത്തനതുയിരു കൊടുക്കാതിട്ടു നട്ടംതിരിക്കും. 37

തരു,ലത, ചെടി,യെല്ലാം വാളിനം കാടുകണ്ടോ
കരുതുകി'തസിപത്രം' തൊട്ടുതിന്നും ഖലന്മാർ
ഒരുപടിയിതിൽ നോക്കു കിങ്കരന്മാർ കടത്തീ-
ട്ടൊരുപൊറുതികൊടുക്കാതാട്ടിയോടിച്ചിടുന്നു. 38

നരപതികൾ, മഹാന്മാർ, മന്ത്രിമാരാട്ടെ, ഭൂമീ-
സുരനു,മറിക ദണ്ഡം, തെററുചെയ്യാത്തവന്നും
വിരവൊടുതകിയെന്നാലായവർക്കുള്ളതാം 'സൂ-
കരമുഖ'മിതിലിട്ടാക്കൂട്ടരെക്കൊട്ടയാട്ടും. 39

ദിനസരി ശുഭഹോമം, പഞ്ചയജ്ഞാദികർമ്മം,
മനന,മതിഥിപൂജാ ഭക്ഷണാദ്യങ്ങ,ളെന്യേ
തനതുദരമൊരിക്കൽ പൂരണംചെയ്തുപോയാ-
ലനവധികൃമിയുള്ളീ കുണ്ടിൽ വീഴും ദ്വിജന്മാർ. 40

അവരിഹ 'കൃമിഭക്ഷം' പൂകുമപ്പോൾ കടക്കും
നവവിവരവഴിക്കും വൻപുഴക്കൂട്ടമൊപ്പം
ശിവ! ശിവ! കൃമിയെത്താൻ തിന്നിടും ക്ഷുല്പിപാസാ-
വിവശരവരജസ്രം പാർത്ഥ! ചെന്നൊന്നു നോക്കു. 41

ധനനിര, നവരത്നം, പട്ടു, പൊന്നെന്നിതെല്ലാം
ദിനമനു ഭുവി കേറിക്കൊള്ളചെയ്യും ഖലന്മാർ
മനമിടറി മരിച്ചിട്ടിങ്ങു വന്നെത്തിടുമ്പോ-
ളനവരതമിരിപ്പാൻ കാണ്ക 'സന്ദംശ'സത്മം. 42

കുടിലുകളിവയെല്ലാം കിങ്കരന്മാർ പഴുപ്പി-
ച്ചടിമുതൽ മുടിയോളം രോമമെണ്ണിപ്പറിയ്ക്കും
തടിയിടിപൊടിയാക്കും ക്ഷുല്പിപാസാത്തരായാ-
ല്ലെഴടിമണലിഥതീറവും ചെന്നുവേണങ്കിൽ നോക്കാം. 43

പുണരരുതരുതെന്നാശ്ലച്ചിരിപ്പോരൊടൊന്നി-
ച്ചിണചിണയുമിവക്കിഞ്ഞെരത്തിയാൽ രണ്ടുപേക്കും
കണലിനു ശരി ചുട്ടാച്ചെമ്പുകോലങ്ങൾ കെട്ടി-
പ്പുണരണമടികൊള്ളും മട്ടിയാൽ ചട്ടമേവം. 44

ക്ഷമയുടെ പതി, വിപ്രൻ, മന്ത്രിമാർതൊട്ടു വണ്ണാ-
ശ്രമവിഹിതസുധർമ്മം വിട്ടെഴും മർത്ത്യർ ചത്താൽ
യമഭടരുടനെത്തിത്തട്ടിയോടിച്ചു മാർഗ്ഗ-
ശ്രമമുതകിവലിച്ചീനാട്ടിലേയ്ക്കാനയിക്കും. 45

ഘരമിവിടെയണഞ്ഞാൽ കാലപാശംവിരിച്ചി-
ട്ടരയിലൊരു കുടുക്കിട്ടാട്ടി മേല്പോട്ടു പൊക്കി
കരയുമവരെ, രണ്ടാൾ തൂക്കിയാട്ടീട്ടഹോ 'വൈ-
തരണി' നദിയിൽ വീഴ്ക്കും, പൊങ്ങിയാൽ ചെന്നു മുക്കും.

മൊതല മുതു കടിക്കും, കണ്ണു മത്സ്യങ്ങൾ കൊത്തും
പത,നുര,യിവ മൂക്കിൽക്കേറിടും വീപ്പുമുട്ടും
ചിതറിന തിരയൂക്കിൽ പാറമേലെല്ലൊണ്ടലയ്ക്കും
ചതയുമുടൽ, മരിയ്ക്കാ പാത്ഥ! ചെന്നൊന്നു നോക്കാം. 47

നരകനിരയിരിയ്ക്കും കോട്ടചുററും കിടങ്ങീ
വരനദി മലമൂത്രം, പൂയമിത്യാദിപൂൎണ്ണം
ന്ദര, പത, കഫ,മേദോ,മാംസ,മത്യന്തദുൎഗ്ഗം;
കരയുടെ കഥയില്ലാ പെട്ടപോയാൽ കുടുങ്ങി. 48

കുലമഹിമ, മഹത്വം, ധൎമ്മസാരങ്ങൾ, വേദം,
നിലയിവ നിനവെന്യേ കാമലീലയ്ക്കുവേണ്ടി
കുലടയിലണയുന്നോർ വീണിടും വാപി നോക്കു
ചല,മല,കൃമി,പൂൎണ്ണം കൂട്ടരൊട്ടല്ലിതിങ്കൽ. 49

കരടി, കഴുത, നായക്കൂട്ടമൂട്ടിപ്പുലൎത്തും
ധരണിവിബുധർ; പോരാ വേട്ടയാടും ദ്വിജന്മാർ
വരവിവരുടെ നോക്കൂ, കിങ്കരന്മാർ ശരീരം
ശരശകലിതമാക്കിക്കൊണ്ടിതാ വന്നിടുന്നു. 50

ദുര, ഞളിവി,വ മൂത്തിട്ടാചരിക്കുന്ന യാഗാ-
ന്തരഗതപശുഹിംസാകാരകന്മാരെയൊക്കെ
പരമിവിടെ വരുത്തിച്ചീൾവാൾകൊണ്ടറുക്കും
കരയുകിലടി ചുററും ചാട്ടയാട്ടും ഭടന്മാർ. 51

കുലഗൃഹിണിയിലല്ലാതാത്മരേതസ്സു വേറെ-
ച്ചലമിഴിമണിമാരിൽ ചേൎക്കുവോരിങ്ങു വന്നാൽ
നലമൊടവരെ ‘ലാലാഭക്ഷ’മാം കുണ്ടിലാക്കി-
ബ്ബലമുടയ ചരന്മാർ കാങ്കുവയ്യാ കഥിപ്പാൻ. 52

ന്ദണപറയുക; കള്ളം താപ്പിലൊപ്പിക്ക; കള്ള-
പ്പണമനവധി ദാനംചെയ്കു; ചൌൎയ്യങ്ങളേവം
ഗുണനിനവൊടു ചെയ്യും കൂട്ടർ ചത്തിട്ടു വന്നാ-
ക്ഷണമിവിടെ‘യവീചീ’കല്ക്കുളത്തിൽ പതിക്കും. 53

ഗിരിയെഴുപടി പൊക്കം മേളിൽനിന്നിട്ടു ചോര-
പ്പുരിഷയെയെറിയുന്നു കല്ലിൽ വീണിട്ടു ദേഹം
തരിതരി തകരുന്നു പിന്നെയും പിന്നെയും കാ-
ങ്കരിശമൊടെറിയുന്നു ചത്തിടുന്നില്ലൊരാളും. 54

അതിഥികളണയുമ്പോൾ ദുർമ്മുഖം കാട്ടിയുള്ള-
സ്ഥിതി,കടുകനലാളും ദൃഷ്ടികൊണ്ടുള്ള നോട്ടം;
കതിപയമൊഴി, പാന്ഥൻ ഞട്ടു,മിമ്മട്ടെഴുംദു-
ഷ്ടതി ഗൃഹപതി 'പയ്യാവത്ത്'മെത്തും മരിച്ചാൽ. 55

കഴു മിഴിയിണ കൊത്തും; നാക്കടൻ കാക്ക കൊത്തും;
കൊഴുനിണമണിവക്ത്രം കൊററി കൊത്തിപ്പൊളിക്കും;
വിഴുമളവിലടിക്കും കിങ്കരന്മാർ—കുഴങ്ങും-
പൊഴുതിലവർ നിനക്കും പാന്ഥവിദ്വേഷകൃത്യം. 56

ഒരു പൊറുതികൊടുക്കാതെപ്പൊഴും ചീത്തചൊല്ലു-
ന്നൊരു ഗൃഹപതി ചത്തിട്ടിപ്പുരത്തിങ്കൽ വന്നാൽ
കുരുകുരെ മുനയുള്ളാത്തൂശി രോമങ്ങൾതോറും
തിരുകുമവർ കരഞ്ഞാൽ തൊള്ളയിൽ കൊള്ളി തള്ളും. 57

കിഴവികൾ, കിഴവന്മാർ, ബാലകന്മാരിവക്ക-
ങ്ങഴലധികമിയററിദ്ദുഷ്ടജായാസമേതം
അഴകൊടു കളിയാടും പാപി ചത്തിങ്ങു വന്നാൽ
പിഴ ശിവ! ചെറുതല്ലാമെന്നടുത്തൊന്നു കാണാം. 58

ഒരു വലിയ നിലാതിൽ തിയ്യെരിച്ചോട്ടുരുക്കി-
ത്തെരുതെരെയതു മുക്കിത്തൊള്ളയിൽ പാർന്നിടുന്നു
പുരുരുജ സഹിയാഞ്ഞിട്ടത്ര തത്തിപ്പിടക്കും
പുരുഷനെയടി, നോക്കു കോരിവീഴ്ത്തുന്നു വീണ്ടും. 59

KOTTAYAM PUBLIC LIBRARY KOTTAYAM

മുനകളിലിഹ ശൂലംതോറുമിക്കൂട്ടർ ഹാ! സ-
ജ്ജനനിവഹവിനിന്ദാകാരകന്മാർ നരന്മാർ
അനവധി കഴു, കാക്ക പ്രാതല്യന്നാക്കി ദേഹം
തന്നുയിരു വിടാതുണ്ടാൎത്തു പേൎത്താൎത്തിടുന്നു. 60

ധൃതിയിലവിടെവന്നാച്ചിത്രഗുപ്തൻ പറഞ്ഞാൻ:
“മതിമതി മതിയാക്കാം ജോലിയുണ്ടാസ്സദസ്സിൽ;
ക്ഷിതിസുരസുതരിന്നീയന്ധഭാണ്ഡത്തിലില്ലാ
മതികുലമണിമുത്തേ,യിക്കണ്ണക്കൊക്കെ നോക്കാം.” 61

“ശരിശരി ഹൃദി ബോദ്ധ്യംവന്നു ഞാനൂലമായീ-
പ്പെരിയ സമയനഷ്ടം പററി; തെററെൻെറ പേരിൽ
തരിക തരിക മാപ്പെ”ന്നജ്ഞനൻ; കാലനപ്പോൾ
‘പരിഭവമതിലില്ലെ’ന്നോതി യാത്രയ്ക്കൊരുങ്ങി. 62

സുരവരസുതനപ്പോൾ കാലനെക്കൈവണങ്ങീ-
ട്ടരമനുമതിവാങ്ങി,ശ്ശാന്തചിത്തൻ കൃതാന്തൻ
‘പരമകുശലിയാകെ’ന്നോതിയാക്കയ്യിരണ്ടും
ശിരസി പരമണച്ചു പാൎത്ഥനെത്താനയച്ചു. 63

നരകനിര കടപ്പം കണ്ടു കത്തുന്നു ചിത്തം
ഹര! ഹര! ശിവ! ഭൂമീവാസമേറെ പ്രയാസം
ധരണിസുരസുതന്മാർ പത്തുപേരേയുമേറെ-
ത്തിരയണമിനിയെല്ലാടിക്കിലും; ഞാൻ പുറത്തും. 64

യാമ്യം, നൈരൃത,മന്നു വാരുണ,മഹോ
വായവ്യ,മത്യുത്തമം
സൌമ്യം, ശാങ്കര,മൈന്ദ്രകം, ഭയദമാ-
മാഗ്നേയമീ നാടകൾ

സാമ്യം വിട്ട ബലം കലൎന്ന വിജയൻ
തിട്ടം തിരഞ്ഞിട്ടുമാ-
സ്സൌമ്യബ്രാഹ്മണപുംഗവന്റെ മകനെ-
ക്കണ്ടില്ല കണ്ടോ പണി! 65

പാതാളം മുതലെന്തിനിന്നധികമായ്
ചൊല്ലുന്നു വിശേഷരൻ
ധാതാവാൎന്നരുളും പദംവരെയിവൻ
തെണ്ടിത്തിരിഞ്ഞീടിലും
സ്ഥീതായാസമലഞ്ഞതേ ഫല,മിനി-
ച്ചാകാതിരുന്നീടുവാ-
നേതായാലുമസാദ്ധ്യമെന്നു വിജയൻ
തിയ്യിട്ടെരിച്ചീടിനാൻ. 66

ഇക്കാണുന്ന ചരാചരങ്ങളണിയും
ലോകങ്ങളൊക്കെസ്സുഖം
തിക്കാതുള്ളിലൊതുക്കി വാണരുളിടും
ദൈവത്തിലന്നൎജ്ജുനൻ
ഉൾക്കാമ്പാക്കിയ ഭേദബുദ്ധിയൊടു'ഹം-
ബ്രഹ്മാസ്മി'യെന്നായുര-
ച്ചക്കാളും ദഹനപ്രഭാകുലൎനിലാ-
വേററാത്തിയാററീടിനാൻ. 67

എന്നിട്ടാത്മവിശുദ്ധിയോത്ത വിജയൻ
നൈരാശ്യമാൎന്നുകൊട്ടും
'തന്നിട്ടത്തനുനാശ'മെന്നറിയുവിൻ
ചാടീടിനാനഗ്നിയിൽ

മുന്നിട്ടെത്തി മുകുന്ദ‘നൎജ്ജുന! സഖേ!
ചാടൊല്ല, ചാടൊല്ല, ഞാൻ
വന്നിട്ടുണ്ടഴലെന്തിനെ’ന്നരുളിനാൻ
ചാട്ടം പിടിച്ചീടിനാൻ. 68

# നാലാം സർഗ്ഗം

“വലിച്ചാൽവിഴമീഞ്ഞാൻ,നീ ബലി, നില്ക്കുക നില്ക്കുക
തൊലി പൊള്ളുന്നു മേ, തിഗ്മോജ്ജ്വലിക്കുന്നൂ,കളിക്കൊലാ.

കുടയായ്ക, കുടഞ്ഞാലും പിടഞ്ഞാലും വിടില്ല ഞാൻ;
അടങ്ങുക, നിനക്കെന്നെക്കടക്കാൻ ദുർഘടം സഖേ!

കണ്ണിൽ നീർ നിറയുന്നെന്നെ ദണ്ഡിപ്പിക്കരുതർജ്ജുന!
ഉണ്ണികൾക്കോ ഞെരുക്കം? ഞാനെണ്ണിയെണ്ണിത്തരാമെ (ടോ.

നിങ്ങളെക്കഷ്ടമെന്നച്ഛൻപെങ്ങളെ, പെങ്ങളെസ്സഖേ!
ഞങ്ങളെസ്സാരമില്ലസ്തു തങ്ങളെക്കരുതേണ്ടയോ?

കുതിക്കേണ്ട, കുതിക്കേണ്ട; കൊതിക്കേണ്ട മരിക്കുവാൻ;
സ്തുതിക്കേണ്ടവനീ ഞാൻ, നീ മദിക്കേണ്ട മനം കെടും.

കെട്ടിയാടിക്കളിച്ചിന്നീമട്ടിൽ കാണും ചരാചരം
പൊട്ടിച്ചാണുള്ളിലാക്കുന്ന കുട്ടി കൃഷ്ണൻപിടിച്ചവൻ.

നിയ്യും, ഗാണ്ഡീവവും, കുന്തിയ്യും,വിപ്രന്റെ മക്കളും;
എയ്യുമമ്പും, സത്യവാക്കു,മിയ്യുള്ളോനല്ലിയർജ്ജുന!

കുരുസംഗരവും ഞാൻ ചെയ്തോരു സാരഥ്യകർമ്മവും
അരുളിത്തന്ന വേദാന്തപ്പൊരുളാം പുണ്യഗീതയും.

കുരുവംശജ! നിയ്യുള്ളിൽ കരുതുന്നോ, മറന്നുവോ?
വരും സങ്കടവാരാശിക്കൊരുവങ്കരയല്ലി ഞാൻ?

മന്ദസ്മിതാർദ്രമധുരം സുന്ദരം നിന്മുഖാംബുജം (ന.”
നന്ദജൻ, ബന്ധു, തോഴൻ, ഗോവിന്ദൻ, കാണട്ടെയർജ്ജു

ശാന്തഗംഭീരമധുരം കാന്തം കൃഷ്ണൻെറ ഭാഷിതം
സ്വാന്തത്തിൽ തട്ടി വിജയനോന്തതപത്തെ നമിച്ചുതേ.

ഒഴുകും കണ്ണുനീർകൊണ്ടു കഴുകിച്ചു പദാംബുജം
തൊഴുകൈപൂണ്ടു നാണത്തിൽ മുഴുകിപ്പാൎത്ഥനോതിനാൻ:

"അടിയൻ തൃപ്പദാംഭോജപ്പൊടിയേററു പുലന്നവൻ
പിടിയാത്തോർ കിടന്നേറെ നടിച്ചാൽ നെറികെട്ടിടും.

മറപ്പൊരുളിനോടുള്ളിൽ കറവെച്ചു മദിച്ചു ഞാൻ
ഇറങ്ങീ ശിവനേ! 'മൂലം മറന്നാലല്ലി വിസ്മൃതി?'

മറയോരെത്തുണയ്ക്കുന്ന മുറ വാസ്തവ,മെങ്കിലും
പുറപ്പാടവിടത്തോടു പറയാതെ കുറുമ്പുതാൻ.

വില്ലും ശരങ്ങളും പുല്ലു പുല്ലുപോലായ സങ്കടം
ചൊല്ലുവാനരുതേ കൃഷ്ണ! കൊല്ലുകെന്നേയ്ക്കുവാനിനി.

'താനിനിത്തിരയൂ ലക്ഷ്മീ ജാനിയെയൊത്തു കിടാവിനെ'
ഈനിലയ്ക്കുള്ളവിപ്രോക്തി മാനികേൾക്കാത്ത ഞാൻ ജളൻ

വിശ്വം ജയിച്ചതും ഞങ്ങളശ്വമേധം കഴിച്ചതും
വിശ്വമൂൎത്തിഭവാനുള്ള ശശ്വല്കാരുണ്യശക്തിതാൻ.

ഭൂതനായീ, ഭവാനെൻെറ സൂതനായീ, കൃപാനിധേ!
പ്രീതനായിത്തിരഞ്ഞിങ്ങായാതനായിപ്പിടിച്ചു മാം.

സത്യമൂൎത്തേ! ഭവാനെൻെറ സത്യം രക്ഷിച്ചിടേണമേ!
നിത്യനാണ,ജനാണ,ങ്ങുന്നത്യന്തം ഭക്തനാണു ഞാൻ.

ജയദ്രഥരണത്തിങ്കൽ ജയം തന്ന ജഗല്പതേ!
ജയ ഗോവിന്ദ! വിപ്രാപജയം തീൎത്തുതരേണമേ!"

ഈവണ്ണം കാല്ക്കൽവീണിഷ്ടനാവലാതി കഥിക്കവേ,
കൈവല്യമൂർത്തികൈകൊണ്ടന്നേവം തഴുകിയോതിനാൻ:

"പശിപ്പു; മിനിയാ'ന്നേകാദശിനോൽമ്പ,'റിവില്ലയോ
അശിച്ചില്ലാ 'ശ്രാവണദ്വാദശി'യിന്നലെയും സഖേ!

ഇന്നു പൂജിച്ചു ഞാന്താൻ നൂറെറാന്നുവിപ്രരെയൂട്ടിനേൻ
പൊന്നും ധനങ്ങളും നല്കി നിന്നു വാങ്ങിയനുഗ്രഹം

അതിന്നുശേഷമുണ്ടീടാൻ ധൃതിയായ്ചെന്നിരിക്കവേ
'കുതിച്ചാനർജ്ജുനൻ തീയ്യിൽപതിക്കാ'നെന്നു കേട്ടു ഞാൻ

ഓടിനേൻ കൈകുടഞ്ഞങ്ങെത്തേടിപ്പാകത്തിലെത്തി (ഞാൻ
ചാടിപ്പിടിച്ചേ'നെന്തോട്ടമോടിയെന്നോ' ധനഞ്ജയ!

ദശമീതിഥിനാളുച്ചയ്ക്കശനം ഞാൻ കഴിച്ചവൻ (ഖേ!"
അശക്തൻ ഹന്ത! നിയ്യെന്നെ മശക്കാൻ തീർന്നവൻ സ

തിരുവായ്മൊഴി കേട്ടിട്ടാക്കുരുവംശശിഖാമണി.
പരുങ്ങി നെടുവീർപ്പിട്ടു കരുതിച്ചൊല്ലിയിങ്ങനെ:

"എന്നെയിട്ടുകളിപ്പിച്ചാൽ നന്നെന്നോ നിന്മതം പ്രഭോ
ഇന്നെന്തോ തെല്ലു തെറെറങ്ങാൻ വന്നെങ്കിൽ വഷളാക്ക (ണോ?

ശാകവും, ഭൂർഭുവസ്വാദിലോകവും സമമുണ്ടവൻ
ആകപ്പാടെ വിശന്നിന്നു ശോകത്തിൽപെട്ടുവല്ലയോ?

ക്ഷുല്പിപാസകളോർക്കില്ലാ കല്പിലങ്ങേ സ്മരിപ്പവർ
'കല്പിച്ചാൽ ശരിയ'ല്ലെന്നു ജല്പിച്ചാൽ പിഴ, തോററു (ഞാൻ."

കരിങ്കാർനിറനിഷ്ടൻെറ പരിഹാസോക്തി കേൾക്കയാൽ
ചിരിച്ചു കൈപിടിച്ചോതി പരിഭ്രമമകററുവാൻ

വിപ്രപുത്രരെ നമ്മൾക്കു നിഷ്പ്രയാസം കൊടുത്തിടാം
ക്ഷിപ്രമെത്താമവരെഴുമപ്രദേശമറിഞ്ഞു ഞാൻ.

തേരിൽ കേറിപ്പുറപ്പിച്ചാപ്പാരിലെത്തിക്കിടാങ്ങളെ
നേരിട്ടുകൊണ്ടുവന്നേകാമാരിടഞ്ഞാലുമൎജ്ജുന!

വരുമ്പോൾ ദാരുകൻ തേരുമൊരുക്കിപ്പോന്നു, പക്ഷെ ഞാൻ
'ഒരു പാച്ചി'ലെനിക്കൊപ്പം വരുമോ വായുവും സഖേ!

എത്തിക്കഴിഞ്ഞു ഗന്ധൎവ്വരൊത്തിടും പത്തനപ്പടി
വൃത്തിയുള്ളെൻെറ തേരാകാശത്തിതാ കാണുകൎജ്ജുന!"

"മന്നിൽ വീഴുന്നുവോ വാനാ,പ്പൊന്നിങ്കുന്നു പറക്കയോ?
വന്നിടുന്നോ സൂൎയ്യ,നക്ഷി ചിന്നിപ്പോകുന്നു മാധവ!"
"കണ്ണു പററിച്ചുമോ താനീവണ്ണം ചൊല്ലരുതൎജ്ജുന!"
"കണ്ണൻ ഞാനോ താമരപ്പൂക്കണ്ണ! നീതന്നെയല്ലയോ?"

ജയ ദേവ! ജഗൽപ്രാണ! ജയ പാൎത്ഥ! പരന്തപ!
അയത്നമെത്തിടുന്നേൻ തേരിൽ കയറാം കൈതൊഴുന്നു
(ഞാൻ.

ഉരുളുന്തേർ നിറുത്തിക്കൊണ്ടരുളും ദാരുകൻ മൊഴി
കരുതിക്കയറീ രണ്ടു പുരുഷോത്തമരും സമം.

ലക്കിൽതട്ടി, ലഗാൻ വിട്ടു, മുക്കിച്ചാട്ടയിളക്കവെ;
തല പൊക്കിക്കുതിച്ചോടീ നിലമ്മുട്ടാതെ വാജികൾ.

ജംബുദ്വീപപ്പുനീരാഴി, പ്ലക്ഷമിക്ഷുരസാംബുധി,
ശാന്മലിദ്വീപു, മദ്യാബ്ധി, ക്രൌഞ്ചം നെയ്യാമ്മഹാൎണ്ണവം;

കുശദ്വീപാപ്പാത്സമുദ്രം, ശാകം തൈരായ വാരിധി,
പുഷ്കരം ശുദ്ധനീരാഴി, ലോകാലോകമഹാചലം;

അതിവേഗമിതൊക്കെയും കുതിച്ചോടിക്കടക്കവെ
കുതിരത്തലവന്മാൎക്ക ഗതിമുട്ടിയിരുട്ടിനാൽ.

രവിരശ്മി കടക്കാത്തുള്ള വിടെക്കൂരിരുട്ടതാൻ
ഭാവിച്ചു വികടം മേഘച്ഛവിയോടോതി ദാരുകൻ.

“ചൊരിയുന്നു തമസ്സു,ള്ളം പൊരിയുന്നുണ്ടു, വാജികൾ
തിരിയുന്നു, വിഭോ! മാൎഗ്ഗം തിരിയുന്നില്ല ലേശവും.

കടിഞ്ഞാണു വലിച്ചിട്ടു,മടിച്ചിട്ടും, കുഴങ്ങി ഞാൻ
പിടിവിട്ടു തുരംഗങ്ങ,ളടിയൻ മട്ടി മാധവ!”

പൊട്ടിക്കരഞ്ഞു പേടിച്ചു ഞെട്ടിപ്പാൎത്ഥൻ മുകുന്ദനെ
കെട്ടിപ്പിടിച്ചിടത്തൊണ്ട പൊട്ടിക്കൊണ്ടരുളീടിനാൻ:

“ഇരുളോ നാന്മറയ്ക്കുള്ള പൊരുളേ! ഹാ! ഭയങ്കരം.
കുരുടൻമട്ടു തപ്പാറായ് തിരുമേനിക്കുമീശ്വര!

നിശാഗമമതല്ലീ ദുൎദ്ദശാഗമമൊരിക്കലും
ദശാവതാരകുശല! കൃശാനുപ്രഭ! പാഹിമാം.

മണ്ടിപ്പോരും രഥം വല്ല കുണ്ടിലും ചെന്നു ചാടിയോ?
കണ്ടിടുന്നില്ല ഞാൻ പുല്കിക്കൊണ്ടിരിക്കും ഭവാനെയും

ചത്തുപോംമുമ്പു ഞാൻ, വിപ്രാപത്തു തീൎക്കേണമച്യുത!
എത്തുമോ? നിൻകൃപാപൂരമൊത്തുവെങ്കിൽ നടത്തിടാം”

അഭയം ഭക്തരിൽ ചേൎപ്പാനുഭയഭ്രമമററവൻ
ശുഭം സുദൎശനാദിത്യപ്രഭ സുഷ്ഠു തിളക്കിനാൻ.

KOTTAYAM PUBLIC LIBRARY KOTTAYAM

തിക്കവീണ്ടു പടിഞ്ഞാറെദ്ദിക്കുനോക്കീട്ടു വാജികൾ
ഒക്കമൂക്കിൽ കുതിച്ചോടിപ്പുക്കു 'വൈകുണ്ഠപട്ടണം.'

"പട്ടണം സർവ്വതോഭദ്രം വട്ടപ്പട്ടം പടുത്തതാം
ഒട്ടല്ല ദീർഘവിസ്താരം മട്ടയ്യാ കാണുകർജ്ജുന!

ഒത്തുനാമിനി വേഗം താഴത്തു ചെന്നിട്ടിതൊക്കെയും
ഓർത്തും രസിച്ചും കൺകൊണ്ടു പാർത്തും ലാത്തുക തോഴരേ"

അതു കേട്ടു രഥം നിർത്തിയതു കണ്ടിട്ടിറങ്ങിനാൻ
കുതുകംപൂണ്ടു രണ്ടാളും ചതുഷ്പഥസുവീഥിയിൽ.

"പൊന്നല്ലോ ഭൂമി, കല്ലെല്ലാം നന്നല്ലോ രത്നമച്യുത!
ഇന്നല്ലോ ജന്മസാഫല്യമെന്നല്ലോ രണ്ടു കണ്ണിനും."

"നിർയ്യാൾപ്പുല്ലും ചെടികളുമയ്യാ കണ്ടോ ധനഞ്ജയ!
തിർയ്യാളുമ്പടി, തൊട്ടെന്നാൽ മെയ്യാക്കും കുളിരാർന്നിടും.

തെന്നൽ തട്ടുമ്പൊളയ്യയ്യാ മിന്നൽ മിന്നുന്ന മാതിരി
എന്നാക്ഷി മഞ്ഞളിക്കുന്നു കനൽക്കാർവർണ്ണ! വിസ്മയം.

കണ്ടോ കേട്ടോ ഭവാനോർക്കുന്നുണ്ടോയിജ്ജാതിപട്ടണം
വണ്ടോട്ടും വർണ്ണ,യില്ലാത്തതുണ്ടോ കാണാൻ തരം ഭുവി.

സ്ഫടികക്കൽത്തളം ചെത്തപ്പടിപാതകൾ, കാനകൾ
വെടിപ്പിലിന്ദ്രനീലംകൊണ്ടടിതൊട്ടു പടുത്തവ.

ചേലായൊഴുകിടും നീരോ പാലാണേ! പത്മലോചന!
പാലാഴിവെള്ളമിവിടെക്കാലാകാലം വരും സഖേ!"

"അമ്പോ പവിഴമാം ചില്ലകൊമ്പോ ചെമ്പൊന്നശേഷവും
ചെമ്പോമൽത്തളിര,യ്യയ്യ! വമ്പോലും തടി തങ്കമാം.

ഒന്നുരണ്ടല്ല ഗോവിന്ദ,യിന്നു കാണുന്നതൊക്കെയും
പൊന്നുവൃക്ഷങ്ങൾ, കല്പദ്രുവെന്നു ചൊല്ലുമിവററയെ"

"മോടി കാളിത്തിളപ്പോരʻങ്ങാടി'യിങ്ങീ മരങ്ങളാം
തേടിടേണ്ടവ യാചിച്ചു കൂടിയാലിവ നല്കിടും."

"കുടമ്പോലകിടിീപ്പയ്യമ്പട! വയ്യാ നടക്കുവാൻ
ഉടലും തലയും കൊമ്പും കിടയററവ വിസ്മയം.

പാലിതിന്നധികം കാണും വാലിറക്കം പ്രമാണമാം
കാലിന്നിടയ്ക്കിതാ നോക്കു ചേലിൽപ്പയ്യുട്ടിയുംരസം."

"കാമധേനു ജനങ്ങൾക്കു കാമമൊക്കെച്ചുരത്തുവോൾ
ഈമട്ടിരിക്കുമിവരിങ്ങീ മന്നിൽതാൻ സദാ സഖേ!

ക്ഷേമമിദ്ദിക്കിലെല്ലാക്കും; ക്ഷാമമില്ലാക്കുമൊന്നിനും;
നാമപാരായണം ജോലി; കാമക്രോധാദിയല്ലേടോ.

തളരും ക്ഷുല്പിപാസാദിയിളകും മന്ദമാരുതൻ
കളയും; പാത്ഥ! ഭോ! നിന്നുൾക്കളെക്കുമമകന്നിതോ?"

"അഞ്ചിന്ദ്രിയങ്ങളും മോദം തഞ്ചിത്തുള്ളുന്നുവെങ്കിലും
എഞ്ചിത്തം വിപ്രപുത്രാത്ഥം കിഞ്ചിൽ ചഞ്ചലമച്യുത!"

"താനിന്നുവാനിലെസ്സൌഖ്യം ധ്യാനിക്കുന്നോ മറന്നുവോ"
"വാനിലും ഭ്രമമില്ലിബ്ഭ്ര ജാനിസ്ഥിതിയിലും പ്രഭോ!"

"വരിയായ്‌രണ്ടുഭാഗത്തുമെരിഞ്ഞാളുന്ന മേടകൾ
ശരിയ്ക്കുകാണുകീ മാൎഗ്ഗം ഹരി! രാമ! മനോഹരം.

ഉയരം ഭംഗി വിസ്താരം ജയ ശില്പസമുജ്ജ്വലം
നയനാഹ്ലാദകം രത്നമയം മേടകളജ്ജുന!

മാണിക്യം തറ, വൈഡൂൎയ്യമാണിതാ ഭിത്തിയൊക്കയും,
കോണിയും ക്രാസിയും രത്നശ്രേണിതാൻ വിസ്മയംസഖേ!

ഓടിക്കേറാം കിടാങ്ങൾക്കും കൂടിക്കോണികളിൽസുഖം
മോടിയും കിഴമേലൊത്ത ധാടിയും കാണുകജ്ജുന!

സ്ഫടികം നവരത്നങ്ങളൂടിതൊട്ടു പതിച്ചവ
പടിസ്തംഭങ്ങൾ ബാലാൎക്കപ്പടി രശ്മി വിതപ്പവ.

ഇവർ സാരൂപ്യമാൎന്നുള്ളോർ ഭുവനേശ്വരസന്നിഭർ,
ശ്രീവത്സമില്ലിവൎക്കൊക്കമേവം വ്യത്യാസമജ്ജുന!

കലാവിദ്യകൾ കണ്ടാലും വിലാസിനികളായ് സുഖം
നിലാവുമിററത്താടുന്നു ത്തുലാരഹിതമോടിയിൽ.

നാലല്ലോ വേദമവയും കോലമാൎന്നാറു ശാസ്ത്രവും
കോലകങ്ങളിൽ വാഴുന്നു ബാലസൂൎയ്യാഭയാൎന്നിതാ.

ചൊല്ലാമുപനിഷത്തുക്കൾ നല്ലാർമോടിയിൽ മേടയിൽ
ഉല്ലാസിപ്പൂ നല്ല രസമെല്ലാങ്കണ്ടീടുകജ്ജുന!

വന്ദിച്ചാലിവർ നൈപുണ്യം തന്നിടും സകലത്തിലും
വന്നിരക്കുക വിദ്യക്കീ മന്നിലിങ്ങിനെ ചട്ടമാം.

വരിയായ് ചിറകാട്ടിസ്സുന്ദരിമാർ മംഗളാംഗികൾ
ചരിക്കുന്നു കൺകുളുത്തു തരിക്കും കാണുവോൎക്കഹോ.

ഗരുഡൻെറ വകക്കാരീയരുണാധരിമാർ സഖേ!
കരുണാംബുധിദേവൻെറ തിരുവുള്ളമെഴുന്നവർ.

ഹാഹന്ത! വിഷ്ണുദേവൻെറ ദേഹഭൂഷകളാൎന്നവർ
മോഹമററവരേറുന്ന വാഹനങ്ങളിവററയാം.

ഇവരിൽ തലവൻ ലക്ഷ്മീധവനേറുന്ന വാഹനം
ഭുവനം സഷ്ടപ്രായമവൻ കൊത്തിയെടുത്തിടും.

കനകം ചഞ്ചു നേത്രങ്ങൾ കനലിന്ദുപ്രഭം ഗളം
വിനതാത്മജനാ വാതായനസീമനി നോക്കുക.

ചേണിയന്നുള്ള ശില്പങ്ങൾ കാണിക്കും ദിവ്യഗോപുരം
മാണിക്യരത്നരചിതമാണിതാ കാണുകജ്ജുന!

സനകാദികൾതൊട്ടേറെ മനശ്ശുദ്ധിയെഴുന്നവർ
നിനയ്ക്കും പുണ്യസങ്കേതമനഘം മണിഗോപുരം."

"ദൂരാൽ വളഭിമേൽ കാണുന്നോരാ വണ്ണങ്ങളൊക്കെയും
ആരാൽ വായിച്ചു ഞാൻ കൃഷ്ണ! പേരാം 'നാരായണാലയം'"

"ഇക്കാണും പള്ളിമാടത്തിൽ ചില്ലുാമ്പാം തമ്പുരാൻ ഹരി
തൃക്കാൽ തഴുകിടും ശ്രീയൊത്തെക്കാലത്തുമെഴും സഖേ!

കടക്കാം,മുള്ളിലും ചുററി നടക്കാം സുഖമജ്ജുന!
കൊട്ടക്കാം വിപ്രസന്താനം, കെട്ടക്കാം സങ്കടം സഖേ!

ദ്വാരത്തിൽ ശംഖചക്രാദി വീരവേഷത്തിൽ നില്പവർ
ധീരർ നമ്മെപ്പാത്തു പാത്ഥ! ദൂരമ്മാറുന്നു കണ്ടുവോ?

കണ്ടിട്ടില്ലാത്ത പുഷ്പങ്ങൾ വണ്ടിനങ്ങൾ നിറഞ്ഞവ
രണ്ടിടങ്ങളിലും പാത്ഥ! കണ്ടിതോ പുഷ്പവാടികൾ.

കൂടില്ല മലർ,വാടില്ല, മോടിപോകില്ലൊരിയ്ക്കലും,
ആടിയാടിക്കളിച്ചീടും കൂടിക്കൂടിവരും മണം."

"വളന്ന ഗന്ധവും ഭേസിത്തളന്നെത്തിസ്സമന്ധരം
കുളുർതെന്നലടിയ്ക്കുമ്പോൾ 'കുളുർപൊട്ടുന്നു' മാധവ!"

“അതിഭംഗിമണിസ്തംഭമതിരററിറയങ്ങളിൽ
പ്രതിബിംബിച്ചിതാ നൊമ്മളതിലൊക്കെ ധനഞ്ജയ!

മായയിൽപ്രതിബിംബിച്ചതായ ലോകം ചരാചരം
ഞായമീ നിലയില്ക്കണ്ടു പോയവൻ പോന്നവൻ സഖേ

നടക്കല്ലിതുകണ്ടോ താൻ പടവെയ്മ്പതിതൊയ്മ്പതും
അടച്ച നവരത്നങ്ങളിട തൂർത്തു പതിച്ചവ.” 100

“മയമുണ്ടു ചവിട്ടാനും ലയമില്ലൊരു കാലവും
കയറാൻ കാലുവെയ്ക്കുമ്പോൾ ഭയമാകുന്നു മാധവ!”

പരമരസികർനോക്കു നാലുതൃക്കൈകൾ പീതാം-
ബരമുടുപ്പുടകണ്ണും കൌസ്തുഭാകല്പകമ്രം
വരദരിവർ മഹാന്മാർ പാർഷദന്മാർ നിനച്ചാൽ
പരപുരുഷസമന്മാർ വന്ദ്യരാണേതവർക്കും.

‘ജയവിജയരി’വർക്കേ ചെന്നുണർത്താവു മായാ-
മയനുടെ തിരുമുമ്പിൽ, ‘കണ്ടുപോകേണ്ടകാര്യം’
നിയമമിവിടെയേവം കോണിവാതുക്കലെത്താം
നയനിലയിലുണർത്താം വന്ന വൃത്തം സമസ്തം. 103

## അഞ്ചാം സൎഗ്ഗം

രത്നസന്തതി തനിച്ചെട്ടുത്തു സാ-
പത്നലേശമിയലാത്ത മാതിരി
യത്നകല്പിതനവശില്പമണ്ഡിതം
പ്രത്നമത്ര വിലസുന്നു മന്ദിരം. 1

ജാലമാൎഗ്ഗമതിഭംഗിയുള്ള പൂ-
മാല ചാൎത്തി മണിദീപശോഭിതം
ബാലശീതമയമന്ദവാതസ-
ല്ലീലപൂണ്ടമലമച്യുതാലയം. 2

നല്ല നല്ല മണിഭിത്തി, സൌഷ്ഠവം
ചൊല്ലവല്ല, തടിദാഭമാപ്പുരം
ഇല്ല തെല്ലുമിരുളങ്ങു പാൎക്കവോ-
ൎക്കല്ലലില്ല, സുഖമേതുനേരവും. 3

ഭിത്തിയിൽ പ്രതിഫലിക്കുമങ്ങക-
ത്തൊത്തിരിപ്പവ സമസ്തദിക്കിലും
വൃത്തിയുള്ള മണിമച്ചിലാദ്യമാ-
യെത്തിടുന്നവർ പകച്ചുനിന്നുപോം. 4

തങ്കരത്നരചിതപ്രശോഭിപ-
ല്യങ്കസീമ്നി ശുഭശേഷമെത്തയിൽ
പങ്കജാക്ഷനമലൻ സദാപി പൂ-
മങ്കയൊത്തു വിലസുന്നു വിസ്മയം. 5

നിൎമ്മമൻ നിഗമവേദ്യനാദ്യനാ-
ധൎമ്മമൂൎത്തി ധരണീരമാധവൻ
കൎമ്മകന്മഷമൊഴിക്കുമീശ്വരൻ
ശൎമ്മദൻ വിള വിളങ്ങി ഭംഗിയിൽ. 6

അന്തണൻെറയഴകുള്ള മക്കളും
ചന്തമുള്ള രമയും ധരിത്രിയും
എന്തദൃഷ്ടമരികത്തെഴും പരൻ
ഹന്ത! നല്ലൊരു കുടുംബി കേവലം. 7

അത്തളത്തിലടികൂടിയെപ്പൊഴും
മത്തടിച്ചു കളിയാട്ടമുണ്ണികൾ
പത്തു പേരെയുമെടുത്തു കൊഞ്ചിടും
മത്തകാശിനി വിളങ്ങി ഭാൎഗ്ഗവി. 8

പെററുവീണ ശിശുതൊട്ടു പത്തുപേർ
ചുററുമിങ്ങിനെ കലമ്പൽകൂട്ടിയാൽ
ചുററുമാരു,മവരും കുഴക്കിലായ്
ചെററുമില്ല 'തൊയിരം' ദിവാനിശം. 9

മെത്തയിൽ കൊടിമുറിച്ചിടാത്ത താ-
രൊത്ത വിപ്രസുതനെക്കിടത്തിടും;
തത്തദംഗമഴകിൽ തലോടിടും,-
ചിത്തകൌതുകമെടുത്തു കൊഞ്ചിടും. 10

വൃത്തിയുള്ള മുല നല്കിടും, മുഖം
മുത്തിടും, കവിൾ പിടിച്ചിളക്കിടും;
നിൎത്തിടും, പ്രിയതമൻെറ സൃഷ്ടി മാ-
റത്തിരുത്തിടു,മെടുത്തുലാത്തിടും. 11

ഇത്രയൊക്കെ മലർമങ്ക കൊഞ്ചുമാ-
പ്പുത്രരെത്ര സുകൃതമ്പുലന്നവർ
ചിത്രഭിത്തി തഴുകിപ്പിടിച്ചിതാ-
പ്പുത്രനന്യനണയുന്നു കൌതുകം. 12

തീപ്പിടിക്കു,മെരികൊള്ളി കിട്ടിയാൽ
പീപ്പിയാക്കു,മടിതെററി വീണിടും
ആപ്പിടും, കിണററിലെത്തിനോക്കിടും
കോപ്പിതാണ,വർ കുഴക്കി ലക്ഷ്മിയെ. 13

മുട്ടുകുത്തിയുടനോടിയെത്തിടും
മട്ടുകണ്ടു മലർമങ്ക നില്ക്കവേ
തട്ടുകൂടിയ കിടാങ്ങൾ വന്നു നി-
ന്നിട്ടു കൂട്ടർ ചില തക്കമോതിനാർ. 14

'ചാട്ടടച്ചിതനുജൻ, തകൎത്തു നാ-
ക്കൊട്ടുമെങ്കിളിയെ,യംബ! ചേട്ടനും,'
കേട്ടു കേട്ടു മതി നിങ്ങൾ നിന്നു താ-
യാട്ടു കാട്ടരുതു തല്ലുകൊണ്ടിടും. 15

വേദസാരമരുളുന്ന ചിൽപരാ-
മോദദായിനി വരാംഗി ഭാൎഗ്ഗവി
വാദമാൎന്നു കലികൊണ്ടെതിൎക്കമാ-
സ്സോദരക്കിടയിലോടിയെത്തിടും. 16

ചേറിലാണ്ടു തകിടംമറിഞ്ഞു വ-
ന്നേറി മാധവനെഴുന്ന മെത്തയിൽ
'മാറിലുള്ള മറു'മാന്തുമുണ്ണിയെ-
ക്കുറിയന്നു തഴുകീ ധരാധവൻ. 17

മോടികൂട്ടമിറയത്തു ചെന്നു കൂ-
ത്താടിയോട്ടമൊരു കൊച്ചുകുട്ടനെ
പേടി പൂണ്ടു വിഴമെന്നൊരാധിയാ-
ലോടിയെത്തി മലർമങ്കയേന്തിനാൾ. 18

"കാന്തിയുള്ള മണിയെന്തിനച്ഛനി-
ന്നേന്തി,വേണമതെനിക്കു കെട്ടുവാൻ."
ഏന്തിയേന്തിയരുളുന്ന കുട്ടനുൾ-
ഭ്രാന്തിയാററി മണി നല്കി മാധവൻ. 19

കേറിനിന്നു ഫണിരാജമൂർദ്ധ്നി ചോ-
പ്പേറിടും മണി പറിച്ചെടുക്കുവാൻ
ഏറിയോരു പണി ചെയ്തു; ശുണ്ഠിയോ-
ന്നേറിയുണ്ണി കരയാൻതുടങ്ങിനാൻ. 20

'കുട്ട! കുട്ട! കരയേണ്ട വേണ്ട ച-
പ്പിട്ട'യെന്നവനെയേന്തി മാധവൻ
വട്ടമൊത്ത ചെറുപമ്പരം കൊടു-
ത്തൊട്ടുകററിയഴ,ലോടിയർഭകൻ. 21

പിച്ചപിച്ചയടിവെച്ചു ലാത്തിടും
കൊച്ചനുള്ള കൊതി കണ്ടു ഭാർഗ്ഗവി
മച്ചകത്തു ചെറുകൈ പിടിച്ചുലാ-
ത്തിച്ചതോർത്തഥ ചിരിച്ചു മാധവൻ. 22

ഭിത്തിയിൽ പ്രതിഫലിച്ച മൂർത്തിക-
ണ്ടെത്തിനിന്നു കളിയാട്ടമുണ്ണികൾ
ഒത്തിണങ്ങിയ കലമ്പൽക്കൂട്ടലിൽ
ചിത്തിനും ചിരി വരുത്തിയത്ഭുതം! 23

‘അച്ഛനുണ്ടടിയൊളിച്ചൊളിച്ചു ഞാൻ
വെച്ച പമ്പരമെടുത്തു നല്കിയോ?’
കൊച്ചനിങ്ങിനെയുരച്ചടിച്ചതോ-
ർത്തച്ചരാചരപുമാൻ ചിരിച്ചുപോയ്. 24

രണ്ടു കുട്ടികൾ സദാപി നാൽമറ-
ക്കണ്ടുപൂക്കതിലെഴുന്നതൊക്കെയും
കണ്ടുകണ്ടു വെളിവാണ്ടുകൊണ്ടു ചൊ-
ല്ലാണ്ടു കണ്ടു മുദമാണ്ടു കേശവൻ. 25

വന്നു നിന്ന ജയനോടു ‘വന്നിടാ-
മെന്നുരച്ചവരൊടെ’ന്നു മാധവൻ
ഒന്നു കൺമുനയിളക്കി, പാൎത്ഥൻ
പോന്നു, മററവരണഞ്ഞു ഭംഗിയിൽ. 26

‘കണ്ടു കണ്ടു, ധരണീസുരൻ ജയം-
കൊണ്ടു, മക്കളിവരെ,’ന്നു ഫൽഗുനൻ
രണ്ടുമൂന്നുരു ജപിച്ചു, മാനസം
കൊണ്ടുചേൎത്തു തഴുകീ കിടാങ്ങളെ. 27

“അന്തകൻെറ മൊഴിയോൎത്തു, സത്യമാ-
യന്തണേന്ദ്രനൊടുവിൽ പറഞ്ഞതും;
ഹന്ത യോഗ്യരരുളുന്ന വാക്കിലാ-
ണന്തമററ ഫലസിദ്ധിയെപ്പൊഴും.” 28

ചാടിവീണ മനുജക്കെഴുന്നൊരാ
മോടി കണ്ടു ഭയമാണ്ടു കുട്ടികൾ
കൂടിയോൎത്തു ‘കരിമന്തരെ’ന്നുറ-
ച്ചോടിനാർ, മറവിൽ നിന്നു നോക്കിനാർ. 29

"രണ്ടുകൈകൾ, മണിയില്ല, ചുററിടം
മൂണ്ടു വെള്ള, ബഹുമോശമീശ്വര!
കണ്ടുവെങ്കിൽ വികൃതങ്ങളെന്തിനാ-
യ്ക്കൊണ്ടു വന്നിതിവരെ"ന്നു ചൊല്ലിനാർ. 30

നാലു ഭിത്തികളിലും പരാല്പരൻ
മേലുകീഴമിതു കണ്ടു ഫൽഗുനൻ
കോലുമുൾഭ്രമമിയന്നു നിന്നു,വെ-
ന്നാലുമുള്ളതവനോർത്തു കൂപ്പിനാൻ. 31

"കണ്ടിടുന്നു സകലത്തിലും ഭവാ-
നുണ്ടിതെന്റെ മിഴികൊണ്ടു നിത്യവും
കണ്ടിടേണമതിനിങ്ങു വന്നു ചൊ-
ല്ലിക്കൊണ്ടിടുന്ന തിരുമൈ തൊഴുന്നു ഞാൻ." 32

"ഓംപദപ്പൊരുൾ പരന്ന മാമറ-
ക്കാമ്പനന്തഗുണശാലി ശാശ്വതൻ
സാമ്പരായമൊഴിവാക്കണം ഭവാൻ
ഞാൻ പദാശ്രിതനലഞ്ഞ നന്ദജൻ." 33

"വന്നിടാമിവിടെ,യെന്തിനീവിധം
നിന്നിടുന്നത,രികത്തിരിയ്ക്കുവിൻ"
എന്നിളക്കമജിതന്റെ കണ്ണകം-
തന്നിലാണ്ടു കുളിരാണ്ടു മേവിനാർ. 34

ഒന്നു താണുതൊഴുതൊട്ടടുക്കലായ്
ചെന്നുനിന്നവരിലുൾക്കുളുത്തവൻ
പൊന്നുമെത്തയിലെഴുന്നിരുന്നുകൊ-
ണ്ടന്നുരച്ചു മൃദുഹാസമച്യുതൻ. 35

"വാസുദേവസഖ! പാൎത്ഥ കൃഷ്ണ!, ഹേ!
വാസുഭദ്ര! വഴിയാത്ര സൌഖ്യമോ?
ഭൂസുരൻെറ ദശമൻ കുമാരനീ
ഭാസുരൻ മടിയിലുള്ള ബാലകൻ. 36

രണ്ടുപേരെയുമടുത്തു കണ്ടെനി-
യ്ക്കുണ്ടു തെല്ലു ചില കാൎയ്യമോതുവാൻ
കൊണ്ടുപോന്നിതതിലേയ്ക്കു കൌശലം
കണ്ടു വിപ്രസുതർ പത്തുപേരെയും. 37

ഭാരമേററപടി തേടി നിങ്ങൾ ഭൂ-
ഭാരമാററി,യിനിയിങ്ങു പോരണം;
സാരമില്ല കളിവേണ്ട വേണ്ട സം-
സാരമല്ലലതു വിട്ടൊഴിക്കുവിൻ. 38

മന്നിനിന്നു വലുതായ ഭാരമാ-
യ്യുന്നിരിപ്പു യദുവംശ;-മായതും
'ഒന്നിടേണ്ട,' കഥ തീൎത്തിടായ്കിൽ ഞാൻ
ചെന്നിടേണ്ടിവരുമെത്ര ദുൎഘടം. 39

തന്നിടാം തനയരെ,ഗ്ഗമിച്ചിടാം
നിന്നിടേണ്ട, ധൃതിയുണ്ടിനിക്കിനി"
എന്നിവണ്ണമരുളുന്ന മാധവൻ
മുന്നിൽനിന്നിവർ നടന്നു മന്ദമേ. 40

മായയോടരുളി "നീ കിടാങ്ങൾത-
ന്നായയല്ലിയുടനിക്കുമാരരെ
പോയകൂട്ടരൊരുമിച്ചു നാട്ടിലേ-
യ്ക്കായയയ്ക്കുക; മനം മറിയ്ക്കുക!" 41

പള്ളിമാടമതിൽനിന്നിറങ്ങുമാ-
പ്പുള്ളികൾക്കു പിറകേ കിടാങ്ങളും
തുള്ളിയോടിയഥ മായയൊത്തു ചെ-
ന്നുള്ളിണങ്ങിയരികത്തു കൂടിനാർ. 42

'മന്തരെ'ന്നു കരുതിഗ്ഗമിച്ചൊരീ-
യന്തണനൻെറ ചെറുമക്കളൊക്കയും
എന്തതിക്രമമിവർക്കു കീഴിലായ്
ഹന്ത! ഹന്ത! മറിമായമീശ്വര! 43

ചിന്മയൻ ജനകനാണു, ലക്ഷ്മിയാ-
ണമ്മയിങ്ങനെയെഴുന്ന കുട്ടികൾ
സമ്മതപ്പടി തിരിച്ചു, മായയെ-
സ്സമ്മതിക്കണെ,മിതെന്തൊരത്ഭുതം! 44

സാരസാക്ഷനു കളിക്കിടാങ്ങളാ-
മാരണാത്മജരെയും മയക്കുവാൻ
ധീരയാകുമവളെത്തിരക്കിയി-
ന്നാരറിഞ്ഞു പെരുമാറിടുന്നവർ. 45

"ഞങ്ങൾ പോരുമൊരുമിച്ചു തേരിലീ
നിങ്ങൾ ഞങ്ങളെയെടുത്തുകേററണം
തിങ്ങലായ്ക്കരികയില്ല ഞങ്ങൾ കൊ-
ച്ചുങ്ങളല്ലി? സുഖമായിരുന്നിടാം. 46

അച്ഛനമ്മയിവരൊത്തിരിക്കുവാ-
നിച്ഛയെന്നു" കരയും കിടാങ്ങളെ
അച്ഛവിദ്രുമമണിപ്രക്ലൃപ്തമാം
സ്വച്ഛരത്നരഥമേററിയജ്ജുനൻ. 47

ഒൻപതാമനെയെടുത്തു മാധവൻ,
വൻപനർജ്ജുനനെടുത്തു കൊച്ചിനെ
ഇമ്പമോടുമവരേറിയാ രഥം
വെമ്പലോടുമഥ വിട്ടു ദാരുകൻ. 48

"സന്തപിക്കരുതു ജാതകത്തിലി-
സ്സന്തതിക്കനുഭവം ഗ്രഹങ്ങളാൽ
ഹന്ത! ഹന്ത! വെളിവായിരിപ്പു നാ-
മന്തരംഗമിളകാതിരിക്കണം. 49

വാമഭാഗമിളകുന്നു കാണ്കി,താ
ക്ഷേമമെന്നു പറയുന്നു പല്ലികൾ
നാമഗാനരതരായ നൊമ്മളിൽ
കാമപൂർത്തിയരുളും ചിദാത്മകൻ. 50

കൃഷ്ണനുള്ള കരൾ, ധർമ്മജാനുജൻ,
കൃഷ്ണനുണ്ണിയെ നമുക്കു തന്നിടും
കൃഷ്ണ! കൃഷ്ണ! വിജയൻ മരിക്കയോ?
കൃഷ്ണവേണി! കളകാശു സംശയം. 51

കേട്ടിടുന്നു ചെകിടോർക്ക ദാരുകൻ
പൂട്ടി വിട്ട രഥഘോഷമയ്യടാ!
വാട്ടിടേണ്ട ഹൃദയം വത്സ! വത്സ!
പാട്ടിലായഖില,മൊന്നു നോക്കുക." 52

ആത്തമോദമിറയത്തു ചെന്നു കു-
ഞ്ഞാത്തലും ദ്വിജനുമൊത്തു നോക്കവേ
ധൂർത്തടിപ്പൊരു കിടാങ്ങളൊത്ത തേ-
രോത്തണച്ചിതരികത്തു ദാരുകൻ. 53

"ഹേ സുമാംഗി! വിജയൻ, രസം രസം,
ഭാസുരാകൃതികൾ മക്കൾ, നോക്കുക
വാസുദേവനയി, കാണ്ക ഭാഗ്യമേ"
ഭൂസുരൻ മൊഴി നിറുത്തിയോടിനാൻ. 54

"കുട്ടനെന്റെ ദശമൻ രസം ശ്രുതി-
പ്പെട്ട കണ്മണി മകൻ തത്രു! തത്രു!
തിട്ടമർജ്ജുനനെടുത്തു നാൽമറ-
ക്കട്ട കാട്ടിയ കരത്തിലേകിനാൻ. 55

ആട്ടിയൊന്നു തഴുകി,ക്കൊടുത്തു പൊ-
ണ്ടാട്ടി കാട്ടിയ കരത്തിലുണ്ണിയെ,
'പാട്ടിൽവെച്ചു മുല നൽകുകെന്നു' കൈ
കാട്ടി നിന്നരുളിയന്തണോത്തമൻ. 56

ഒയ്മ്പതാമനിവനെത്തരാം മുഴ-
ക്കമ്പമൊന്നുമരുതെന്നു മാധവൻ
ഇമ്പമോടരുളിയേകി, വാങ്ങിയൊ-
ന്നമ്പരന്നവിടെ നിന്നു ഭൂസുരൻ. 57

കണ്ണിൽ നീർ നിറയുമന്തണേന്ദ്രനാ
മണ്ണിലൊട്ടുമിളകാതെ നില്ക്കവേ
എണ്ണിയെണ്ണി വിജയൻ രഥത്തിൽനി-
'ന്നുണ്ണിയുണ്ണി'യിദമോതി നല്കിനാൻ 58

എട്ടുപത്തു സുതർ ചത്തുപോയതി-
മട്ടു കിട്ടിയതിൽവെച്ചു ഭൂസുരൻ
ഒട്ടുനേരമവരൊത്തു തന്റോടം
വിട്ടുനിന്നു പല ഗോഷ്ഠി കാട്ടിനാൻ. 59

ഓടിയോടിവരുവിൻ, നമിക്കുവിൻ
പേടി വേണ്ട, തുണയച്ഛനും വരാം,
തേടിയാൽ പിടിപെടാത്ത കൃഷ്ണരുമ്-
ച്ചൂടിറക്കിയരുളും സുമംഗളം. 60

“ദുരന്തസങ്കടാംഭോധിക്കര കാണിച്ച കൂട്ടരേ!
നരനാരായണന്മാരേ! നരകാന്തകരേ! തൊഴാം. 61

പലതും ചപലത്വങ്ങൾ പുലമ്പിയൊരു പാപി ഞാൻ
വലയ്ക്കല്ലേ ജഗത്തിൻെറ നിലനില്പേ! തുണയ്ക്കണേ.” 62

ഏവം മക്കളൊടൊത്ത ഭൂസുരവരൻ
മന്ത്രം ജപിച്ചെത്രയും
ഭാവം കണ്ടു മനസ്സിരുത്തി വിധിവൽ
സാഷ്ടാംഗമായ് സാദരം
ദേവന്മാരെ നമിച്ചു; നന്ദി വളരെ-
ക്കാണിച്ചു, നില്ക്കുമ്പൊഴാ-
ശ്രീവത്സാങ്കനിറങ്ങിവന്നു തഴുകി-
സ്സന്തുഷ്ടനാക്കീടിനാൻ. 63

“എന്നാൽ ഞങ്ങളിറങ്ങിടുന്നു, വരണം
സൌകര്യമുള്ളപ്പൊള-
ങ്ങെ,”ന്നായ് കൃഷ്ണനുരച്ചുകേറിയരുളും
തേരോട്ടിനാൻ ദാരുകൻ,
അന്നാമോദമിയന്നു വിപ്രവരനും
ദാരങ്ങളും മക്കളും
നന്നായൊത്തൊരുമിച്ചു വാണു വളരെ-
ക്കാലം സുഖം മംഗളം. 64

സമാപ്തം

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA9 Acc. No. 50383

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

MA9 50383
MAH -5

മഹൻനമ്പൂതിരി

സന്താനഗോപാലം